പന്ത്രണ്ടാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 421

18.12.2008 ൽ മറുപടിയ്ക്ക്

## ബസ് ചാർജ്ജ് വർദ്ധനവും കെ.എസ്.ആർ.ടി.സി.യുടെ നഷ്ടവും

| ചോദ്യം: | ഉത്തരം : |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. വി.ഡി. സതീശൻ | ശ്രീ. മാത്യു. ടി. തോമസ്<br>(ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) ബസ് ചാർജ്ജ് വർദ്ധിപ്പിച്ചശേഷവും കെ.എസ്.ആർ.ടി.സി. നഷ്ടത്തിലാണോ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ ; | എ) പുതിയ 1000 ബസ്സുകൾ നിരത്തിലിറക്കി കെ.എസ്.ആർ.ടി.സി.യുടെ നിലവിലുള്ള വികസനം ഉറപ്പാക്കുകയും ഷെഡ്യൂളുകൾ പുനക്രമീകരിക്കുകയും മറ്റും ചെയ്തതു മൂലം സർവ്വീസ് ഓപ്പറേഷൻ ലാഭകരമായാണ് ഇപ്പോൾ നടക്കുന്നത്. എന്നാൽ പെൻഷൻ, മുൻകാലത്തു കൊടുത്തു തീർക്കേണ്ട പെൻഷൻ ബാദ്ധ്യതകൾ, മോട്ടോർ വാഹന നഷ്ടപരിഹാര കേസുകളിൽ വർഷങ്ങളായി കൊടുത്തുതീർക്കേണ്ട ബാദ്ധ്യതകൾ, ഇൻഡ്യൻ ഓയിൽ കമ്പനിക്കു കൊടുത്തുതീർക്കേണ്ട ബാദ്ധ്യത, മുൻകാലങ്ങളിൽ കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് കോർപ്പറേഷനിൽ നിന്നും കടം വാങ്ങിയതുകയും അതിന്റെ പലിശയും തിരിച്ചടയ്ക്കേണ്ടതായ ബാദ്ധ്യതകൾ തുടങ്ങിയവ ഓരോ മാസം കൊടുത്തു തീർക്കേണ്ടി വരുന്ന സാഹചര്യത്തിൽ ചാർജ്ജ് വർദ്ധനവു നടപ്പാക്കിയശേഷവും നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. |

| | |
|---|---|
| ബി) എങ്കിൽ ഇപ്പോൾ ശരാശരി പ്രതിമാസം എത്ര രൂപയുടെ നഷ്ടം ഉണ്ടാകുന്നുണ്ട്; | ബി) വരവിനേക്കാൾ ശരാശരി 16.70 കോടി രൂപ പ്രതിമാസം കൂടുതലായി ചിലവു വരുന്നുണ്ട്. |
| സി) ഈ നഷ്ടം പരിഹരിക്കണമെങ്കിൽ ബസ് ചാർജ്ജ് എത്ര കണ്ട് വർദ്ധിപ്പിക്കണം; | സി) പരിഗണനയിലില്ല. |
| ഡി) ബസ് ചാർജ്ജ് വർദ്ധിപ്പിച്ച് കെ.എസ്.ആർ.ടി.സി. യെ ലാഭത്തിലാക്കാൻ ഉദ്ദേശ്യമുണ്ടോ ? | ഡി) ഇല്ല. കോർപ്പറേഷന്റെ വികസനം ഉറപ്പാക്കാനായി ഓരോ വർഷവും 1000 ബസ്സുകൾ നിരത്തിലിറക്കുവാനും, 5000 തൊഴിലാളികൾക്ക് നിയമനം നൽകി കാര്യക്ഷമത ഉറപ്പുവരുത്തി വരുമാനം വർദ്ധിപ്പിക്കാനും, ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കാനുമുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. കൂടാതെ പാഴ്ചെലവുകൾ കുറച്ചും, കൂടുതൽ ഇന്ധനക്ഷമത കൈവരിച്ചും, ടയർലൈഫ് ഉപകരണങ്ങളുമായി വർദ്ധിപ്പിച്ചും, മെച്ചപ്പെട്ട സ്പ്രിംഗ് ലീഫുകളും, മറ്റ് സ്പെയർ പാർട്ടുകൾ ഉപയോഗിച്ചും ചെലവു പരമാവധി കുറച്ച് നഷ്ടം കുറയ്ക്കാനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം. 422

18.12.2008-ൽ മറുപടിയ്ക്ക്

കുട്ടനാട് പാക്കേജ്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ. എം.എ. വാഹീദ് | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) കുട്ടനാട് പാക്കേജ് അനുസരിച്ച് രൂപം കൊടുക്കേണ്ട ബഹുഭൂരിപക്ഷം പദ്ധതികളുടെയും ചെലവ് അമ്പതുലക്ഷം രൂപയിൽ കുറഞ്ഞവയാണോ എന്ന് വ്യക്തമാക്കാമോ;<br><br>ബി) അമ്പത് ലക്ഷം രൂപയിൽ കുറവ് ചെലവുവരുന്ന എത്ര പദ്ധതികൾ ഈ പാക്കേജ് അനുസരിച്ച് നടപ്പാക്കേണ്ടതായി വരും; | (എ) യും (ബി) യും<br><br>പതിനേഴ് പദ്ധതികൾ നടപ്പിലാക്കണം. ഇവ നടപ്പിലാക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിശദവിവരം അനുബന്ധം-I ആയി ചേർത്തിട്ടുണ്ട്. |
| സി) 50 ലക്ഷം രൂപയിൽ കൂടുതൽ ചെലവുവരുന്ന എത്ര പദ്ധതികൾ ഈ പാക്കേജ് അനുസരിച്ച് നടപ്പാക്കേണ്ടതായി വരുമെന്നറിയിക്കാമോ? | സി) ഇരുപത്തിയെട്ട് ബൃഹത് പദ്ധതികളുടെ ഭാഗമായി 663 പ്രോജക്ടുകൾ നടപ്പാക്കണം. |

സെക്ഷൻ ഓഫീസർ

അനുബന്ധം 6 - 1

# KUTTANAD PACKAGE AS PER RECOMMENDATIONS OF THE MSSRF

## LIST OF PROJECTS TO BE ATTENDED FOR IMMEDIATE INTERVENTION THROUGH STATE COMMITMENT

**I. Department of Agriculture**

| Sl No | Task No | Title | Amount (Rs in lakhs) | Source of Funding proposed |
|---|---|---|---|---|
| 1 | 9.2.3 | Support for soil test based fertilizer application | 20.00 | |
| 2 | 9.2.4 | Pest forcasting and early warning service | 20.00 | |
| 3 | 10.1.3 | R&D on Coconut climbing machine | 20.00 | |
| 4 | 11.2.2 | Training youths in skilled Agricultural jobs like Farm machinery operation | 50.00 | |
| 5 | 11.3.1 | Production bonus enhancement in Purakkatukari | 20.00 | |
| 6 | 11.2.6 | Establishing creches for the use of women labourers | 35.00 | |
| 7 | 12.3.6 | DOA-DOF-KAU Joint training for capacity building of farmers | 20.00 | |
| | | TOTAL | 185.00 | |

**II. Department of Fisheries**

| Sl No | Task No | Title | Amount (Rs in lakhs) | Source of Funding proposed |
|---|---|---|---|---|
| 1 | 5.3 | Programme for revival of productivity for Pearl spot (Karimeen) and giant Prawns | 50.00 | |
| 2 | 13.3 | Ranching involving large scale hatchery reared production of Post larvae | 20.00 | |
| 3 | 13.7 | Fresh water prawn and Karimeen - urgent conservation measures | 25.00 | |
| 4 | 14.1 | Group based enterprise on ornamental fish culture | 12.00 | |
| 5 | 14.2 | Cold storage facility for the fishing communities | 30.00 | |
| 6 | 14.5 | Training and capacity building of fishermen | 20.00 | |
| | | TOTAL | 157.00 | |

**III. Department of Animal Husbandry**

| Sl No | Task No | Title | Amount (Rs in lakhs) | Source of Funding proposed |
|---|---|---|---|---|
| 1 | 10.1.4 | Capacity enhancement of duck hatchery at Niranam | 18.00 | |
| 2 | 12.1.4 | Providing insurance cover to ducks - Subsidy on premium | 5.00 | |
| | | TOTAL | 23.00 | |

**IV. Department of Forest**

| Sl No | Task No | Title | Amount (Rs in lakhs) | Source of Funding proposed |
|---|---|---|---|---|
| 1 | 5.2 | Promotion of Mangrove restoration along the banks of Vembanad and Kayamkulam kayal | 50.00 | |
| | | **TOTAL** | **50.00** | |

**V. Department of Tourism**

| Sl No | Task No | Title | Amount (Rs in lakhs) | Source of Funding proposed |
|---|---|---|---|---|
| 1 | 15.4 | Introduction and promotion of farm tourism involving farm families | 50.00 | |
| | | **TOTAL** | **50.00** | |
| | | **GRAND TOTAL** | **465.00** | |

പന്ത്രണ്ടാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നംപർ: 423 — 18 -12-2008 ൽ മറുപടിക്ക്.

## വിദ്യാർത്ഥികളുടെ സുരക്ഷയ്ക്കായി പുതിയ ട്രാഫിക് നിയമം

ചോദ്യം:
പ്രൊഫ: കെ.വി.തോമസ് :
ശ്രീ.കെ.സി.വേണുഗോപാൽ :
ശ്രീ.കെ.ബാബു :

ഉത്തരം
ശ്രീ. മാത്യു.ടി.തോമസ്
(ഗതാഗതവും, പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പു മന്ത്രി)

(എ). റോഡപകടങ്ങളിൽ നിന്നും വിദ്യാർത്ഥികളുടെ സുരക്ഷയ്ക്കായി ഗവൺമെന്റ് എന്തെങ്കിലും പരിഷ്കാരങ്ങൾ ട്രാഫിക് നിയമത്തിൽ വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(എ). വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കടുത്ത് വാഹനങ്ങളുടെ വേഗത നിജപ്പെടുത്തിയിട്ടുണ്ട്. ട്രാഫിക് നിയമ ലംഘനങ്ങൾക്കുള്ള കോമ്പൗണ്ടിംഗ് ഫീസ് ഗണ്യമായി വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. വിദ്യാർത്ഥി സമൂഹത്തിന് റോഡ് സുരക്ഷയെക്കുറിച്ച് അവബോധം ഉണ്ടാക്കുന്നതിനും, സുരക്ഷാ പ്രവർത്തനങ്ങളിൽ പങ്കാളികൾ ആക്കുന്നതിനും റോഡ് സേഫ്റ്റി ക്ലബ്ബുകൾ നിലവിൽ വന്നിട്ടുണ്ട്.

കൂടാതെ ഗതാഗതനിയമങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങളും പാഠങ്ങളും വിദ്യാഭ്യാസവകുപ്പിന് കൈമാറിയിട്ടുണ്ട്. സ്കൂളുകൾക്ക് സമീപമുള്ള പ്രദേശങ്ങളിൽ വാഹനങ്ങളുടെ വേഗത നിയന്ത്രിക്കുന്നതിന് ബോർഡുകൾ സ്ഥാപിക്കുക, ആവശ്യമുള്ള സ്ഥലങ്ങളിൽ ഹംപുകൾ സ്ഥാപിക്കുക, സീബ്രാ വരകൾ വരയ്ക്കുക, ഫുട്പാത്തുകൾ മെച്ചപ്പെടുത്തുക തുടങ്ങിയ കാര്യങ്ങൾ ബന്ധപ്പെട്ട ഡിപ്പാർട്ട്മെന്റുകളുമായി ബന്ധപ്പെട്ട് ചെയ്തുവരുന്നുണ്ട്. നിലവിൽ ട്രാഫിക് ഡ്യൂട്ടി നോക്കിവരുന്ന പോലീസുദ്യോഗസ്ഥർക്ക് പുറമേ, സ്കൂൾ പരിസരത്ത് കൂടുതൽ പോലീസ് ഉദ്യോഗസ്ഥരെ വിന്യസിച്ച് വിദ്യാർത്ഥികൾക്ക് ആവശ്യമായ സഹായം നൽകിവരുന്നുണ്ട്.

(ബി). സംസ്ഥാനത്തൊട്ടാകെ രാവിലെ 9 മണിമുതൽ 10 മണിവരെയും വൈകിട്ട് 3.30 മുതൽ 4.30 വരെയും സ്പീഡ് നിയന്ത്രണം നിയമം മൂലം നടപ്പാക്കുവാൻ ശ്രമിക്കുമോ ?

(ബി). ഇക്കാര്യം പരിശോധിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.424 — 18.12.2008 ൽ മറുപടിയ്ക്ക്

## കേരള അഗ്രോ മെഷീനറി കോർപ്പറേഷന്റെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ടി.പി.കുഞ്ഞുണ്ണി:<br>ശ്രീ.കെ.സി.രാജഗോപാലൻ<br>ശ്രീ.എസ്.രാജേന്ദ്രൻ :<br>ശ്രീ.കെ.സി.കുഞ്ഞിരാമൻ:<br>ശ്രീ.എം.പ്രകാശൻ മാസ്റ്റർ: | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ)കേരള അഗ്രോ മെഷീനറി കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | (എ) കേരള അഗ്രോ മെഷിനറി കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ അനുബന്ധമായി ചേർക്കുന്നു. |
| ബി) ഇവിടെ ഇപ്പോൾ ഏതെല്ലാം കാർഷിക ഉപകരണങ്ങളാണ് നിർമ്മിക്കുന്നത്; | ബി) ഇപ്പോൾ രണ്ടുമോഡൽ പവർടില്ലറുകളും, ഒരു മോഡൽ പവർ റീപ്പറും, രണ്ടു മോഡൽ ഡീസൽ എൻജിനുകളും നിർമ്മിക്കുന്നു. |
| സി) കാർഷിക ഉപകരണങ്ങളുടെ ഉപയോഗം വ്യാപിപ്പിക്കുന്നതിനായി കേന്ദ്ര സർക്കാർ എന്തെങ്കിലും സഹായം നൽകുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ; | സി) പുതുതായി വികസിപ്പിച്ചെടുത്ത കാർഷിക യന്ത്രോപകരണങ്ങളുടെ ഉപയോഗം വ്യാപിപ്പിക്കുന്നതിന് കേന്ദ്രസർക്കാർ "Promotion and Strengthening of Agriculture Mechanisation through training, testing and Demonstration " എന്ന പദ്ധതിയ്ക്ക് സഹായം നൽകുന്നുണ്ട് ഈ സാമ്പത്തിക വർഷം 8.99 ലക്ഷം രൂപയുടെ പദ്ധതി അംഗീകരിച്ചിട്ടുണ്ട്. കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ മുഖേനയാണ് മേൽ പദ്ധതി നടപ്പിലാക്കുനനത്. |
| ഡി) കാർഷിക ഉപകരണങ്ങൾക്ക് സംസ്ഥാന സർക്കാർ സബ്സിഡി നൽകുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ? | ഡി) കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടെ കൃഷി വകുപ്പിന്റെ മാക്രോ മാനേജ്മെന്റ് പദ്ധതിയിൽ കർഷകർക്കാവശ്യമായ കാർഷിക യന്ത്രങ്ങൾ/ ഉപകരണങ്ങൾ വാങ്ങുന്നതിന് 25 മുതൽ 50% വരെ സബ്സിഡി നൽകുന്നുണ്ട്. ഇതിനായി ഈ വർഷം 281.30 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

1. ഉൽപാദനച്ചെലവ് കുറയ്ക്കുന്നതിനുള്ള പുതിയ സാങ്കേതികവിദ്യകളും ഉൽപ്പന്നങ്ങളും പവർ ടില്ലറിന്റെ നിർമ്മാണത്തിന് ഉപയോഗിക്കുവാൻ തുടങ്ങിയിട്ടുണ്ട്.
2. കഴിഞ്ഞവർഷം എനർജി ആഡിറ്റ് സംസ്ഥാന പ്രൊഡക്ടിവിറ്റി കൗൺസിലിനെ കൊണ്ട് നടത്തുകയും, അവരുടെ നിർദ്ദേശങ്ങൾ ക്രമാനുഗതമായി നടപ്പിലാക്കുകയും ചെയ്തുവരുന്നു.
3. കമ്പനിയുടെ എല്ലാ യൂണിറ്റുകളിലും എനർജി സർക്കിൾ രൂപീകരിച്ച് വൈദ്യുതിയുടെയും, മറ്റുതരത്തിലുള്ള ഊർജ്ജത്തിന്റെയും ഉപയോഗം കുറച്ചുകൊണ്ടു വരുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു വരുന്നു.
4. കമ്പനിയുടെ അത്താണി യൂണിറ്റിൽ ഉൽപാദനചെലവ് കുറയ്ക്കുന്നതിന്റെ ഭാഗമായി ഷിഫ്റ്റ് സമ്പ്രദായം പുന:ക്രമീകരിക്കുകയും, തൻമൂലം വൈദ്യുതി ഉപയോഗത്തിൽ ഗണ്യമായ കുറവ് വരികയും ചെയ്തിട്ടുണ്ട്.
5. വാല്യു എൻജിനീയറിംഗ് വഴി ചെലവ് കുറഞ്ഞ അസംസ്കൃത പദാർത്ഥങ്ങൾ രൂപകൽപ്പനചെയ്ത് പവർ ടില്ലറിൽ ഉപയോഗിക്കുവാൻ പദ്ധതിയിട്ടിട്ടുണ്ട്.
6. കമ്പനിയുടെ മാളയിലുള്ള റീപ്പർ നിർമ്മാണ യൂണിറ്റിൽ ഉൽപ്പാദനക്ഷമതയും ഉൽപ്പാദനവും വർദ്ധിപ്പിക്കുന്നതിന് കാര്യക്ഷമതയ്ക്ക് അനുസൃതമായ ഇൻസന്റീവ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.
7. കളമശ്ശേരി യൂണിറ്റിൽ ഉൽപ്പാദിപ്പിക്കുന്ന എൻജിനിന് ഏർപ്പെടുത്തിയിരുന്ന 16% എക്സൈസ് തീരുവ, കേന്ദ്ര സർക്കാരിന് നിവേദനം നൽകി പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്.
8. കമ്പനിയിലെ വിവിധ വകുപ്പുകളുടെയും ഉദ്യോഗസ്ഥരുടെയും പുന:ക്രമീകരണവും പുനർവിന്യാസവും നടപ്പിലാക്കിയിട്ടുണ്ട്.
9. നിലവിലുള്ള ഉൽപ്പന്നങ്ങൾക്ക് പുതിയ വിപണികൾ കണ്ടെത്തുന്നതുൾപ്പെടെയുള്ള നടപടികൾ സമയബന്ധിതമായി നടപ്പാക്കിവരുന്നുണ്ട്.
10. കയറ്റുമതി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളെടുക്കുകയും, ശ്രീലങ്ക, ഇറാൻ എന്നീ രാജ്യങ്ങളിലേയ്ക്ക് സ്ഥിരമായി ഉൽപ്പന്നങ്ങൾ അയയ്ക്കുന്നതിനുള്ള ധാരണയിൽ എത്തിച്ചേരുകയും ചെയ്തിട്ടുണ്ട്.
11. കയറ്റുമതി സാദ്ധ്യതയുള്ള മറ്റുരാഷ്ട്രങ്ങളിലെ സ്ഥാപനങ്ങളുമായി ആശയവിനിമയം നടത്തിവരുന്നു.
12. വൈവിദ്ധ്യവൽക്കരണത്തിന്റെ ഭാഗമായി ചെറിയ ട്രാക്ടറുകളും, വിവിധ തരത്തിലുള്ള സ്പ്രേയറുകളും നിർമ്മിക്കുന്നതിനുള്ള നടപടികൾ സമയബന്ധിതമായി കൈക്കൊണ്ടുവരുന്നു. 2010 അവസാനത്തോടെ ട്രാക്ടറിന്റെ നിർമ്മാണം ആരംഭിക്കുവാൻ വേണ്ടിയുള്ള പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്.

13. പൊതുമേഖലാസ്ഥാപനമായ കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എൻജിനീയറിംഗ് കമ്പനിയുമായി ചേർന്ന് ഡീസൽ ജനറേറ്റർ നിർമ്മിക്കുന്നതിനുവേണ്ട ധാരണയിൽ എത്തിച്ചേർന്നിട്ടുണ്ട്. കെല്ലിന് ഇതിനുവേണ്ട എൻജിൻ നിർമ്മിച്ചു നൽകുന്നതിനുള്ള എല്ലാ പ്രാരംഭനടപടികളും പൂർത്തിയാക്കിയിട്ടുണ്ട്.

14. കമ്പനിയുടെ അത്താണി യൂണിറ്റും, മറ്റു യൂണിറ്റുകളും വെവ്വേറെ ആയി പരിഗണിച്ചിരുന്ന സംവിധാനം മാറ്റി, യൂണിറ്റുകളുടെ ഏകീകരണം 2008 സെപ്റ്റംബർമുതൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതുമൂലം മനുഷ്യ വിഭവശേഷി പൂർണ്ണമായും ആവശ്യമായ തോതിൽ പുനർവിന്യസിച്ച് ഉൽപാദനത്തിലും വിൽപ്പനയിലും പുരോഗതി കൈവരിക്കുന്നതിനുള്ള നടപടികളും കൈക്കൊണ്ടുവരുന്നു.

15. കമ്പനിയുടെ സാങ്കേതിക തസ്തികകളിലേയ്ക്കുള്ള നിയമനങ്ങൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷനു വിട്ടുകൊടുക്കുവാൻ തീരുമാനിക്കുകയും 2006 സെപ്റ്റംബറിൽ ഇത് രേഖാമൂലം പി.എസ്.സി.യുടെ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

16. 2008 സെപ്റ്റംബർ മാസം മുതൽ കമ്പനിയുടെ മാള യൂണിറ്റിന് ഐ.എസ്.ഒ. അംഗീകാരം ലഭിച്ചിട്ടുണ്ട്. അത്താണി, കളമശ്ശേരി, പാലക്കാട് യൂണിറ്റുകൾക്ക് 1998 മുതൽ ഈ അംഗീകാരമുണ്ട്.

പന്ത്രണ്ടാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 425 — 18-12-2008- ൽ മറുപടിയ്ക്ക്

## കാർഷിക കടാശ്വാസ കമ്മീഷന്റെ പ്രവർത്തന റിപ്പോർട്ട്

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. ടി.എൻ. പ്രതാപൻ :<br>ശ്രീ. കെ.സി. ജോസഫ് : | | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) | കാർഷിക കടാശ്വാസ കമ്മീഷന്റെ 2007-08-ലെ പ്രവർത്തന റിപ്പോർട്ട് പ്രസിദ്ധീകരിച്ചുവോ ; | (എ) | 2006-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ ആക്ട് 14-ാം വകുപ്പ് 2-ാം ഉപവകുപ്പ് പ്രകാരം 2007-08 വർഷത്തെ കമ്മീഷന്റെ പ്രവർത്തന റിപ്പോർട്ട് നിയമ സഭയുടെ മുമ്പാകെ വയ്ക്കുന്നതിനായി തയ്യാറായിട്ടുണ്ട്. |
| ബി) | ഇത് പ്രകാരം 2008 മാർച്ച് വരെ പ്രസ്തുത കമ്മീഷന് കിട്ടിയ പരാതികളെത്ര ; | (ബി) | 31.03.2008 വരെ കമ്മീഷന് 3,35,762 അപേക്ഷകൾ ലഭിച്ചു. |
| സി) | ഈ പരാതികളിൽ എത്ര എണ്ണത്തിന്മേൽ തീരുമാനമെടുത്തു ; | (സി) | 31.10.2008 വരെ 13,758 അപേക്ഷകളിൽ തീരുമാനമെടുത്തു. |
| ഡി) | കമ്മീഷൻ 2008 ജൂലായ് വരെ എത്ര അപേക്ഷകളിന്മേൽ തീരുമാനം എടുത്തു ; | (ഡി) | 2008 ജൂലൈ വരെ കമ്മീഷൻ 8407 അപേക്ഷകളിൽ തീരുമാനമെടുത്തു. |
| ഇ) | കമ്മീഷൻ ആനുകൂല്യം ശുപാർശ ചെയ്യുവരുടെ കാര്യത്തിൽ അവരുടെ കടം മുഴുവൻ എഴുതിത്തള്ളിയോ ; ഇല്ലെങ്കിൽ ഭാഗിക കടാശ്വാസത്തിനായി കമ്മീഷൻ ശുപാർശ ചെയ്യാനുള്ള കാരണമെന്തെന്ന് വ്യക്തമാക്കാമോ ? | (ഇ) | വായ്പ ഒട്ടും തന്നെ തിരിച്ചടയ്ക്കാൻ കഴിയാത്തവണ്ണം ദുരിതബാധിതരാണെന്ന് കമ്മീഷന് ബോദ്ധ്യപ്പെട്ടവരുടെ വായ്പ മുഴുവനായി എഴുതിത്തള്ളുവാൻ കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്. അല്ലാത്തവരുടെ കാര്യത്തിൽ അവർ എത്രത്തോളം ദുരിതബാധിതരാണെന്ന് തെളിവുകളുടെ അടിസ്ഥാനത്തിൽ വിലയിരുത്തിക്കൊണ്ട് അർഹമായ കടാശ്വാസം തീരുമാനിക്കുകയാണ് കമ്മീഷൻ ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ.426

18.12.2008-ൽ മറുപടിക്ക്

## അന്യ സംസ്ഥാനത്ത് നിന്നും കൊണ്ടുവരുന്ന മണലിന് നികുതി

ചോദ്യം

ശ്രീ.സി.ടി.അഹമ്മദ് അലി

ഉത്തരം

ശ്രീ.കെ.പി.രാജേന്ദ്രൻ

(റവന്യൂ വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) അന്യ സംസ്ഥാനത്തു നിന്നും കൊണ്ടുവരുന്ന മണലിന് സംസ്ഥാനത്ത് നികുതി ഏർപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ; | (എ). അന്യ സംസ്ഥാനത്തു നിന്നും കൊണ്ടു വരുന്ന മണലിന് ഒരു വാണിജ്യ വസ്തു എന്ന നിലയ്ക്ക് ചെക്ക് പോസ്റ്റുകളിൽ മണലിന്റെ വില്പനവിലയുടെ 4% നികുതി വാണിജ്യ വകുപ്പ് ഈടാക്കി വരുന്നു. |
| (ബി) മണൽ ശേഖരിക്കുന്നതിന് നിലവിലുള്ള വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ; | (ബി). 2001-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും നിയമത്തിലെ 12-ാം വകുപ്പ് പ്രകാരം കടവുകളിൽ നിന്നും മണൽ ശേഖരിക്കുന്നതിന് വ്യക്തമായ വ്യവസ്ഥകൾ ഏർപ്പെടുത്തിയിട്ടുണ്ട്.<br>1. മണൽവാരൽ പ്രവർത്തനം നടപ്പിൽ വരുത്തുന്നതിന് മുമ്പ് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തോ, മുനിസിപ്പാലിറ്റിയോ അവർക്ക് ജിയോളജി വകുപ്പിൽ നിന്നും ജില്ലാ വിദഗ്ദ്ധ സമിതിയുടെ ശുപാർശയിന്മേൽ വിതരണം ചെയ്യേണ്ടതായ പാസ്സുകൾ റോയൽറ്റി നൽകുന്നതിന് ബാധകമായ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതനുസരിച്ച് റോയൽറ്റി നൽകി ഒരു മാസക്കാലയളവിന് മുൻകൂറായി നേടേണ്ടതാണ്.<br>2. ഒരു കടവിൽ നിന്നും രാവിലെ 6 മണിക്ക് മുൻപും വൈകുന്നേരം 3.30 മണിക്ക് ശേഷവും യാതൊരു മണൽ വാരൽ പ്രവർത്തനവും പാടില്ലാത്തതാണ്.<br>3. ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തോ മുനിസിപ്പാലിറ്റിയോ മണൽവാരൽ പ്രവർത്തനം നടപ്പിലാക്കുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ ഈ ആക്ടിലെ മറ്റ് വ്യവസ്ഥകൾക്കും അതിൻ കീഴിൽ ഉണ്ടായിട്ടുള്ള ചട്ടങ്ങൾക്കും വിധേയമായി ഏർപ്പെടുത്തേണ്ടതാണ്.<br>4. നദിയുടെ അടിത്തട്ടിൽ നിന്നും മാത്രം മണൽവാരൽ അനുവദിക്കേണ്ടതും നദീതീരത്തിന്റെ 10 മീറ്ററിനുള്ളിൽ യാതൊരു മണൽവാരൽ പ്രവർത്തനവും നടത്തുവാൻ പാടില്ലാത്തതുമാണ്.<br>6. ഏതെങ്കിലും പാലത്തിൽനിന്നോ ജലസേചന പദ്ധതിയിൽ നിന്നോ 500 മീറ്റർ ദൂരത്തിനുള്ളിൽ യാതൊരു മണൽവാരൽ പ്രവർത്തനവും നടത്താൻ പാടില്ലാത്തതാണ്<br>8. മണൽ കയറ്റുന്നതിനുള്ള വാഹനം നദീതീരത്തു നിന്നും ഏറ്റവും കുറഞ്ഞത് 26 മീറ്റർ അകലത്തിൽ പാർക്ക് |

| | |
|---|---|
| | ചെറുവള്ളങ്ങളും മണൽ കയറ്റുന്നതിനു വേണ്ടി യാതൊരു വാഹനവും നദീതീരങ്ങളക്ക് കൊണ്ടു വരാൻ പാടില്ലാത്തതുമാണ്.<br>7. ഒരു കടവിലോ നദീതീരത്തോ നിന്ന് ജില്ലാ വിദഗ്ദ്ധ സമിതി നിശ്ചയിച്ചിട്ടുള്ളതിനേക്കാൾ കൂടുതൽ അളവ് മണൽ വാരാൻ പാടില്ലാത്തതാണ്.<br>8. മണൽവാരൽ പ്രവർത്തനത്തിന് കൊല്ലിവലയോ പോൾക്കുപ്പികളോ ഏതെങ്കിലും യന്ത്രവത്കൃത രീതിയോ ഉപയോഗിക്കുവാൻ പാടില്ലാത്തതാണ്.<br>9. ഉപ്പുവെള്ളം നദീജലവുമായി കലരാൻ സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ മണൽവാരൽ നടത്താൻ പാടില്ലാത്തതാണ്.<br>10. സർക്കാർ പൊതുവായതോ പ്രത്യേകമായതോ ആയ ഉത്തരവു മുഖേന മണൽവാരൽ പൂർണ്ണമായി നിരോധിച്ചിട്ടുള്ള ഏതെങ്കിലും നദിയിലോ നദീതീരത്തോ മണൽവാരൽ നടത്താൻ പാടില്ലാത്തതാണ്. |
| (സി) മണൽ ശേഖരിക്കുന്നതിനുള്ള അനുവാദം നൽകുന്നത് ആരാണ് എന്നും അതിന് നിശ്ചയിച്ചിട്ടുള്ള ഫീസും മണലിന്റെ വിലയും എത്രയാണെന്നും വ്യക്തമാക്കാമോ ; | (സി) സെസ്സിന്റെയോ, സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്പ്മെന്റ് ആന്റ് മാനേജ്മെന്റിന്റെയോ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജില്ലാ വിദഗ്ദ്ധ സമിതിയുടെ ശുപാർശപ്രകാരം അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് മണൽശേഖരിക്കുന്നതിനുള്ള അനുവാദം നൽകുന്നത്. ഓരോ താലൂക്കിലും ഓരോ കടവിൽ നിന്നും വാരാവുന്ന മണലിന്റെ അളവ് വിദഗ്ദ്ധ സമിതികൾ തിട്ടപ്പെടുത്തി പ്രസ്തുത പ്രദേശത്തെ മണലിന്റെ ലഭ്യതയും ആവശ്യകതയും കണക്കിലെടുത്ത് അനിയന്ത്രിതമായി വില വർദ്ധിക്കാത്ത തരത്തിൽ ലേലത്തിൽ വിൽക്കുന്ന സമ്പ്രദായമാണ് നിലവിലുള്ളത്. |
| (ഡി) മണൽ ശേഖരിക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ കൂടുതൽ സുതാര്യമാക്കാൻ തയ്യാറാകുമോ ? | (ഡി) 2001-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും നിയമ പ്രകാരം വളരെ സുതാര്യമായ രീതിയിൽ പൊതുലേലംവഴിയാണ് നിലവിൽ മണൽ വിപണനം നടന്നു വരുന്നത്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 427 18-12-08 ൽ മറുപടിക്ക്**

ലോട്ടറി വിറ്റു വരവിൽ പുരോഗതി

ചോദ്യം:

ശ്രീ.എ.പ്രദീപ്കുമാർ :
ശ്രീ.വി.ജെ.തങ്കപ്പൻ :
ശ്രീ.വി.ശിവൻകുട്ടി :
ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ :
ശ്രീ.എ.എം. യൂസഫ് :

ഉത്തരം:

ഡോ. റ്റി.എം. തോമസ് ഐസക്
(ധനകാര്യ വകുപ്പ് മന്ത്രി)

(എ) സംസ്ഥാന ലോട്ടറി ശക്തിപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(എ) കേരള സംസ്ഥാന ലോട്ടറികൾ ശക്തിപ്പെടുത്തുന്നതിനായി താഴെപറയും പ്രകാരമുള്ള നടപടികൾ സ്വീകരിച്ചു.
സർക്കാർ സാധൂകരണത്തിന് വിധേയമായി സമ്മാനഘടനകൾ തീരുമാനിച്ച് പുതിയ ഭാഗ്യക്കുറികൾ നടപ്പിലാക്കുന്നതിനുള്ള അധികാരം ഭാഗ്യക്കുറി വകുപ്പ് ഡയറക്ടർക്ക് നൽകി. ടിക്കറ്റുകളുടെ രൂപകൽപന ആകർഷകമാക്കുകയും ആധികാരികത ഉറപ്പു വരുത്തുന്നതിനായി ബാർകോഡ് സംവിധാനം നടപ്പിലാക്കുകയും ചെയ്തു. പരസ്യപ്രവർത്തനങ്ങൾ ശക്തമാക്കുന്നതിനായി വിറ്റു വരവിന്റെ മൂന്നു ശതമാനം പരസ്യങ്ങൾക്കായി ചെലവഴിക്കുന്നതിനുള്ള അധികാരം ഡയറക്ടർക്ക് നൽകി. ലോട്ടറി മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം (LIMS) നടപ്പിലാക്കി ടിക്കറ്റ് വിൽപനയും സമ്മാന വിതരണവും പൂർണ്ണമായും കമ്പ്യൂട്ടർ അധിഷ്ഠിതമാക്കി. വകുപ്പിനു സ്വന്തമായി ഒരു വെബ് സൈറ്റ് ഏർപ്പെടുത്തുകയും നറുക്കെടുപ്പു ഫലങ്ങൾ അതാതു ദിവസം തന്നെ വെബ് സൈറ്റിൽ ലഭ്യമാക്കുകയും ചെയ്തു. സമ്മാന വിതരണം ത്വരിതപ്പെടുത്തുന്നതിനായി വിവിധ തലത്തിലുള്ള ഓഫീസർമാരുടെ അധികാരപരിധി ഉയർത്തി. ബാങ്ക് ഗ്യാരണ്ടിയുടെ അടിസ്ഥാനത്തിൽ ഭാഗ്യക്കുറി ടിക്കറ്റുകൾ ഏജന്റുമാർക്ക് നൽകുവാനുള്ള സൗകര്യം ഏർപ്പെടുത്തി. ഏജന്റുമാരുടെയും വിൽപ്പനക്കാരു

| | | | |
|---|---|---|---|
| | | | ടെയും സർവതോന്മുഖമായ ക്ഷേമത്തിനായി വിറ്റു വരവിന്റെ ഒരു ശതമാനം സർക്കാർ വിഹിതമായി നൽകികൊണ്ട് ക്ഷേമനിധി ഏർപ്പെടുത്തി. ടിക്കറ്റുകൾ സുഗമമായി അച്ചടിച്ചു ലഭിക്കുന്നതിനായി ആധുനിക രീതിയിലുള്ള പ്രസ്സ് സ്ഥാപിക്കുന്നതിനായി തീരുമാനമെടുത്തു. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പുതിയ ലോട്ടറികൾ ആരംഭിച്ചിട്ടുണ്ടോ ; | (ബി) | ഉണ്ട്. |
| (സി) | സംസ്ഥാന ലോട്ടറിയുടെ വിറ്റുവരവിൽ എന്തുമാത്രം പുരോഗതി ഉണ്ടായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ; | (സി) | നവീകരണപ്രവർത്തനത്തിന്റെ ഫലമായി വിറ്റു വരവിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായി. 2004-05ൽ 166.6 കോടി രൂപയായിരുന്ന വിറ്റു വരവ് 2007-08ൽ 333.92 കോടി രൂപയായി വർദ്ധിച്ചു. ഈ സാമ്പത്തിക വർഷം നവംബർ വരെയുള്ള വിറ്റുവരവ് 321.48 കോടി രൂപയാണ്. |
| (ഡി) | ലോട്ടറി ഡയറക്ടറേറ്റിന് കൂടുതൽ അധികാരങ്ങൾ അനുവദിച്ചതിന്റെ ഫലമായി എന്തെങ്കിലും നേട്ടം ഉണ്ടായിട്ടുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ ? | (ഡി) | പരിശോധിച്ചിട്ടുണ്ട്.<br>(എ) പിരിവിന്റെ മറുപടിയിൽ വിശദമാക്കിയിട്ടുള്ള പ്രവർത്തനങ്ങളിലൂടെ പുതിയ ലോട്ടറികൾ തുടങ്ങുന്നതിനും സമ്മാനവിതരണം ത്വരിതപ്പെടുത്തുന്നതിനും അതുവഴി വരുമാന വർദ്ധനവും സാദ്ധ്യമായിട്ടുണ്ട്. |

Chandra [signature]
സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 428 — 18/12/2008-ൽ മറുപടിക്ക്

### ജൈവ കൃഷി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.ജെ. ജേക്കബ്<br>ശ്രീ. അൽഫോൺസ് കണ്ണന്താനം<br>ശ്രീ. വി.ചെന്താമരാക്ഷൻ<br>ശ്രീ. കെ.കെ ജയചന്ദ്രൻ<br>ശ്രീ. ജോർജ് എം. തോമസ് | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പു മന്ത്രി) |
| (എ) ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ജൈവ വൈവിധ്യ ബോർഡ് നിർദ്ദേശിച്ച കർമ്മ പദ്ധതി സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; എങ്കിൽ പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ ; | (എ) ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള കർമ്മ പദ്ധതി സർക്കാർ അംഗീകരിച്ചു.<br><br>കർമ്മ പദ്ധതിയുടെ 11 ലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്.<br><br>1. കൃഷിയെ സുസ്ഥിരവും ലാഭകരവും മാന്യവുമായ ഒരു തൊഴിൽ സംസ്കാരമായി വളർത്തുക.<br>2. മണ്ണിന്റെ സഹജമായ പോഷക ഗുണങ്ങളും ഉല്പാദന ക്ഷമതയും ഉയർത്തുക.<br>3. ജല-മണ്ണ് സംരക്ഷണം ഉറപ്പു വരുത്തുക<br>4. കാർഷിക ജൈവ സുരക്ഷിതത്വവും ഭക്ഷ്യ പോഷകഗുണ സുരക്ഷിതത്വവും ഉറപ്പാക്കുക.<br>5. കർഷകരുടെ നിയന്ത്രണത്തിൽ ജൈവ കാർഷികോല്പന്നങ്ങളുടെ ആഭ്യന്തര വിപണി രൂപപ്പെടുത്തുകയും ഉറപ്പു വരുത്തുകയും ചെയ്യുക.<br>6. കാർഷിക രാസവസ്തുക്കളുടെയും മാരകമായ മറ്റുല്പന്നങ്ങളുടെയും ഉപയോഗം ഒഴിവാക്കുക., രാസവിഷ മുക്തമായ വെള്ളം മണ്ണ്, ഭക്ഷണം എന്നിവ ഉറപ്പാക്കുക.<br>7. വായു, വിത്ത്, ഭക്ഷണം എന്നിയുടെ പരമാധികാരം ഉറപ്പുവരുത്തുക.<br>8. ജൈവ വൈവിധ്യാധിഷ്ഠിതമായ പരിസ്ഥിതി-സൗഹൃദ കൃഷി പ്രോത്സാഹിപ്പിക്കുക. |

9. കൃഷിക്കുപയോഗിക്കുന്ന വസ്തുക്കളുടെയും കാർഷിക വിളകളുടെയും ഗുണനിലവാരം ഉറപ്പുവരുത്തുക.
10. സുസ്ഥിരമായ കാർഷിക ഭക്ഷ്യ വസ്തുക്കളും ഉല്പന്നങ്ങളും ലഭ്യമാക്കി മനുഷ്യന്റെ ആരോഗ്യ സംരക്ഷണം ഉറപ്പാക്കുക.
11. കൃഷിയുമായിബന്ധപ്പെട്ട പാരമ്പര്യ അറിവുകൾ സംരക്ഷിക്കുകയും പ്രയോജനപ്പെടുത്തുകയും ചെയ്യുക.

| | | | |
|---|---|---|---|
| (ബി) | ഗുണനിലവാരമുള്ള ജൈവവള ത്തിന്റെ ലഭ്യത ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ ; | (ബി) | നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | ജൈവ കാർഷികോൽപ്പന്ന ങ്ങളുടെ വിപണനത്തിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ ; | (സി) | ജൈവ കാർഷികോല്പന്നങ്ങളുടെ വിപണനത്തിന് തിരുവനന്തപുരത്തും തൃശ്ശൂരും ഇക്കോ ഷോപ്പുകൾ ഉണ്ട്. കൊച്ചിയിൽ ഓർഗാനിക് സൂപ്പർമാർക്കറ്റ് ഉടനെ നിലവിൽ വരും. കയറ്റുമതിക്കായി ജൈവ ഉല്പന്നങ്ങൾ സംഭരിക്കുന്ന ഏജന്റുമാർ തിരുവനന്തപുരത്തും കൊച്ചിയിലുമുണ്ട്. |
| (ഡി) | പൊതുജനാരോഗ്യത്തിന് ഭീഷണി യായിട്ടുള്ള കീടനാശിനികളുടെ വില്പന നിരോധിക്കണമെന്ന ജൈവ വൈവിധ്യ ബോർഡിന്റെ ശുപാർശ നടപ്പാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; | (ഡി) | ഇക്കാര്യം പരിശോധിച്ച് അനുയോജ്യമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |
| (ഇ) | 100 ജൈവ ഗ്രാമങ്ങൾ സ്ഥാപി ക്കുന്നതിനുള്ള പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ ? | (ഇ) | ഈ വർഷം 100 ജൈവ ഗ്രാമങ്ങൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പാക്കുന്നില്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 429 18/12/2008-ൽ മറുപടിക്ക്

## അഗ്രി എക്സ്പോർട്ട് സോൺ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.രാജു<br>ശ്രീ. എൻ. രാജൻ<br>ശ്രീ. എ.കെ. ചന്ദ്രൻ<br>ശ്രീ. പള്ളിപ്രം ബാലൻ | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പു മന്ത്രി) |
| എ) ഹോർട്ടികൾച്ചർ ഉൽപ്പന്നങ്ങൾക്കായി അഗ്രി എക്സ്പോർട്ട് സോൺ സ്ഥാപിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ ഏതുവരെയായിട്ടുണ്ട്; ഇതിനായി എത്ര തുക നീക്കിവെച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | എ) ഹോർട്ടികൾച്ചറൽ ഉൽപ്പന്നങ്ങൾക്കായി കേരളത്തിൽ രണ്ടു അഗ്രി എക്സ്പോർട്ട് സോൺ സ്ഥാപിച്ചിട്ടുണ്ട്.<br>1. പഴങ്ങൾക്ക്, പച്ചക്കറികൾക്ക്<br>2. ഔഷധ സുഗന്ധവിളകൾക്ക്<br>2003-04 മുതൽ അഞ്ചു വർഷത്തേയ്ക്ക് നടപ്പിലാക്കിയ പഴങ്ങൾക്കും പച്ചക്കറികൾക്കുമായുള്ള എ.ഇ.ഇസഡ് സ്കീമിൽ ബഡ്ജറ്റിൽ ഉൾപ്പെടുത്തി 287 ലക്ഷം രൂപ നൽകി. കൂടാതെ വർഷാവർഷത്തിലുള്ള ബഡ്ജറ്റിൽ നിന്നും 811.4 ലക്ഷം രൂപയും ചെലവാക്കി.<br><br>2004-05 മുതൽ അഞ്ചു വർഷത്തേയ്ക്കു നടപ്പിലാക്കിയ ഔഷധ സുഗന്ധവിള അഗ്രി എക്സ്പോർട്ട് സോണിന് ബഡ്ജറ്റിൽ 647.4655 ലക്ഷം രൂപ നൽകി. ഇക്കൊല്ലം ഇതിനായി തുക നീക്കി വച്ചിട്ടില്ല. |
| ബി) ഈ സോൺ സ്ഥാപിക്കുന്നതു കൊണ്ടുള്ള നേട്ടങ്ങൾ എന്തെല്ലാം ആണെന്ന് വെളിപ്പെടുത്തുമോ ? | ബി) അഗ്രി എക്സ്പോർട്ട് സോൺ സ്ഥാപിക്കുന്നതു കൊണ്ടുള്ള നേട്ടങ്ങൾ ചുവടെ പറയുന്നു.<br>1. കൃഷിക്കാർക്ക് സ്ഥിരമായി കൂടുതൽ വില നൽകി, കയറ്റുമതി ലക്ഷ്യം വെച്ച് ഒരു പ്രദേശമായി തെരഞ്ഞെടുത്ത് ക്ലസ്റ്റർ അടിസ്ഥാനത്തിൽ പുതിയതായി |

നേന്ത്രവാഴ, പച്ചക്കറി, കൈതച്ചക്ക, ഔഷധ സസ്യങ്ങൾ മുതലായവ കൃഷി ചെയ്തു.

2. കയറ്റുമതിലക്ഷ്യം വെച്ചുകൊണ്ട് ഗുണമേൻമയുള്ള കാർഷികയുൽപ്പന്നങ്ങൾ ഉണ്ടാക്കുകയും അവയുടെ വിളവ് വർദ്ധിപ്പിക്കുകയും ചെയ്തു.
3. രോഗകീട വിമുക്തമായ നടീൽ വസ്തുക്കൾ വിൽക്കുകയും വിതരണം ചെയ്യുകയും ചെയ്തു.
4. സംയോജിത കീടനിയന്ത്രണ മാർഗ്ഗങ്ങൾ കർഷകരുടെ ഇടയിൽ പ്രചരിപ്പിച്ചു.
5. മണ്ണ്, ജലം, ഇല എന്നിവയുടെ രാസ ഗുണ പരിശോധന നടത്തുന്നതിന് ഒരു കേന്ദ്രീകൃത ലാബ് സ്ഥാപിച്ചു.
6. അന്യം നിന്നുകൊണ്ടിരിക്കുന്ന ഔഷധ സുഗന്ധ വിളകൾ സംരക്ഷിച്ചു
7. പൊതുജനങ്ങളിൽ ഔഷധ സുഗന്ധ വിളകളുടെ സംരക്ഷണത്തിന്റെ ആവശ്യവും, ഉപയോഗങ്ങളെ കുറിച്ചുമുള്ള ബോധവൽക്കരണം നടത്തി.
8. സമൂഹത്തിൽ പിന്നോക്കം നിൽക്കുന്ന പട്ടികജാതി, പട്ടികവർഗ്ഗത്തിൽപ്പെട്ടവർ, സ്ത്രീകൾ, ഔഷധ സസ്യങ്ങൾ ശേഖരിക്കുന്നവർ എന്നിവർക്ക് പദ്ധതിയിൻ കീഴിൽ പരിശീലനം നൽകി

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.430 18.12.2008 ൽ മറുപടിക്ക്

സംസ്ഥാനത്തിന്റെ ധനകമ്മി

**ചോദ്യം**

ശ്രീ. തോമസ് ചാഴികാടൻ
ശ്രീ. റോഷി അഗസ്റ്റിൻ
ശ്രീ. ജോസഫ് എം. പുതുശ്ശേരി

**ഉത്തരം**

ഡോ.റ്റി.എം.തോമസ് ഐസക്
ധനകാര്യ വകുപ്പ് മന്ത്രി

| | |
|---|---|
| എ) സംസ്ഥാനത്തിന്റെ ധനകമ്മി എത്രയാണ്; | അക്കൗണ്ടന്റ് ജനറലിൽ നിന്നും ലഭ്യമായ കണക്കുകൾ പ്രകാരം 2007-08 വർഷത്തെ സംസ്ഥാനത്തിന്റെ ധനകമ്മി 6100.20 കോടി രൂപയാണ്. |
| ബി. 2006-07 മുതലുള്ള വർഷങ്ങളെ അപേക്ഷിച്ച് ധനകമ്മിയിൽ വന്നിട്ടുള്ള അന്തരം വ്യക്തമാക്കുമോ; | 2006-07 വർഷത്തെ അപേക്ഷിച്ച് 2007-08 വർഷത്തിൽ ധനകമ്മിയിൽ വന്നിട്ടുള്ള അന്തരം 2278.33 കോടി രൂപയാണ്. |
| സി. 2007-08-ൽ ധനകമ്മി ഗണ്യമായ തോതിൽ വർദ്ധിക്കുകയുണ്ടായോ; എങ്കിൽ എന്താണ് അതിന് കാരണം; | 2007-08 വർഷത്തിൽ ധനകമ്മി ഗണ്യമായ തോതിൽ വർദ്ധിച്ചിട്ടുണ്ട്. എട്ടാം ശമ്പള കമ്മീഷൻ ശുപാർശ പ്രകാരം നടപ്പിലാക്കിയ ശമ്പള വർദ്ധന, പെൻഷൻ വർദ്ധന എന്നീ ഇനങ്ങളിലെ ചെലവിന്റെ ഒരു ഭാഗം, മുടങ്ങി കിടന്നിരുന്ന ഡി.എ., ഡി.ആർ എന്നിവ കുടിശ്ശിക സഹിതം അനുവദിക്കപ്പെട്ടതുകൊണ്ടുള്ള അധിക ചെലവ്, കരാറുകാരുടെ കുടിശ്ശിക കൊടുക്കാൻ വേണ്ടിയുള്ള അധിക ചെലവ് എന്നിവയാണ് 2007-08 ൽ ധനകമ്മി ഗണ്യമായി വർദ്ധിക്കുവാൻ കാരണമായത്. |
| ഡി. നടപ്പു സാമ്പത്തിക വർഷം ധനകമ്മി എത്ര ശതമാനം കണ്ട് കുറയ്ക്കാനാണ് ഉദ്ദേശിക്കുന്നത്; | നടപ്പു സാമ്പത്തികവർഷം ധനകമ്മി ആഭ്യന്തര ഉല്പാദനത്തിന്റെ 3.4 ശതമാനമായി കുറയ്ക്കാനാണ് ഉദ്ദേശിക്കുന്നത്. |
| ഇ. ഇതിന് വേണ്ടി സർക്കാർ അവലംബിച്ചിട്ടുള്ള മാർഗ്ഗങ്ങൾ എന്തൊക്കെ ആണെന്ന് വിശദമാക്കുമോ ? | റവന്യൂകമ്മിയും ധനകമ്മിയും കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ നികുതി വരുമാനം ഉയർത്തുന്നതിനായി വിവിധ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇതോടൊപ്പം നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനും അനാവശ്യ ചെലവുകൾ കുറയ്ക്കുന്നതിനുമുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നംപർ: 431 — 18-12-2008 ൽ മറുപടിക്ക്.

## റോഡ് സുരക്ഷാ അതോറിറ്റി

| ചോദ്യം: | ഉത്തരം |
|---|---|
| ശ്രീ. ബി. രാഘവൻ :<br>ശ്രീ.പി.ജയരാജൻ :<br>ശ്രീ.ആർ.സെൽവരാജ് :<br>ശ്രീ.വി.ജെ.തങ്കപ്പൻ :<br>ശ്രീ.എ.എം.യൂസഫ് : | ശ്രീ. മാത്യു.ടി.തോമസ്<br>(ഗതാഗതവും, പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| (എ). റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട് റോഡ് സുരക്ഷാ അതോറിറ്റി എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ ; | (എ). റോഡ് സുരക്ഷാ അതോറിറ്റിയുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകൾ വിവിധതരം പദ്ധതികൾ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതികൾ അതോറിറ്റിയുടെ നിർദ്ദേശപ്രകാരം ഒരു വിദഗ്ദ്ധകമ്മിറ്റി പഠിക്കുകയും അവരുടെ നിർദ്ദേശങ്ങൾ അതോറിറ്റിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി പ്രാഥമികമായി പരിശോധിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ പ്രാധാന്യമനുസരിച്ച് അവ നടപ്പാക്കുന്നതിനുള്ള ചർച്ചയ്ക്കുവേണ്ടി റോഡ് സേഫ്റ്റി അതോറിറ്റിയുടെ ഉന്നതതല യോഗം ഉടൻ തന്നെ ചേരുന്നതാണ്. ആ യോഗത്തിൽ നടപ്പാക്കാനുള്ള പദ്ധതികൾ ചർച്ച ചെയ്ത് അവയുടെ മുൻഗണനാ ക്രമത്തിൽ നടപ്പിലാക്കുന്നതാണ്. |
| (ബി). ജില്ലാ റോഡ് സുരക്ഷാ കൗൺസിലിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; | (ബി). സ്വീകരിച്ചിട്ടുണ്ട്. ജില്ലാ തലത്തിൽ റോഡ് സുരക്ഷാ കൗൺസിലുകൾ രൂപീകരിക്കുവാനുള്ള നടപടികൾ നടന്നുവരുന്നു. അനൗദ്യോഗിക അംഗത്തെ നിർദ്ദേശിക്കുവാൻ കളക്ടർമാർക്കും നിർദ്ദേശം നൽകുകയും ഇത്തരത്തിലുള്ള കൗൺസിലുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |

| | |
|---|---|
| (സി). മോട്ടോർ വാഹന സെസ് ഇനത്തിൽ ഇതിനകം എന്തു തുക ലഭിച്ചിട്ടുണ്ട്; | (സി). സെസ്സ് ഇനത്തിൽ 30..10..2008-വരെ, 98812575/- രൂപ പിരിച്ചെടുത്തിട്ടുണ്ട്. |
| (ഡി). അതോറിറ്റി ഇപ്പോൾ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; | (ഡി). സർക്കാരിന്റെ കീഴിലുള്ള വിവിധ വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിച്ച് റോഡ് സുരക്ഷയ്ക്ക് ആവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുന്നതിന് വേണ്ടിയാണ് റോഡ് സുരക്ഷ അതോറിറ്റി രൂപീകരിച്ചിട്ടുള്ളത്. ഇതനുസരിച്ച് പല വകുപ്പുകളും പുതിയ തരത്തിലുള്ള പദ്ധതികൾ മുന്നോട്ട് വച്ചിട്ടുണ്ട്. ജില്ലാതല റോഡ് സേഫ്റ്റി കൗൺസിലുകളുടെ രൂപീകരണം ത്വരിതപ്പെടുത്തുവാനും താലൂക്ക് തലത്തിൽ റോഡ് സുരക്ഷാ കൗൺസിലുകൾ രൂപീകരിക്കുവാനും , പഞ്ചായത്ത് തലത്തിൽ സുരക്ഷാ സമിതികൾ രൂപീകരിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്കും ഡ്രൈവർമാർക്കും റോഡ് സുരക്ഷാ ബോധവൽക്കരണം നടത്തുന്നതിനും, വിവിധ ദൃശ്യമാധ്യമങ്ങൾ വഴി റോഡ് സുരക്ഷയെ സംബന്ധിച്ച ഫിലിമുകൾ കാണിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്. സ്കൂൾ തലത്തിൽ 68 റോഡ് സേഫ്റ്റി ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത ക്ലബ്ബുകളിൽ സ്കൂൾ പ്രിൻസിപ്പൽ ആ സ്കൂളിലെ വിദ്യാർത്ഥികൾ, അദ്ധ്യാപക-അദ്ധ്യാപകേതര അംഗങ്ങൾ എന്നിവരാണ് അംഗങ്ങളായുള്ളത്. ക്ലബ്ബുകൾ നിലവിലിരിക്കുന്ന സ്കൂളുകളിലും പരിസരത്തുള്ള മറ്റ് സ്കൂളുകളിലും പ്രദേശങ്ങളിലും ബോധവൽക്കരണ പ്രവർത്തനങ്ങൾ ഊർജ്ജസ്വലമായിത്തന്നെ നടക്കുന്നുണ്ട്.<br><br>റോഡ് നിയമങ്ങൾ അനുസരിക്കാനുള്ള പ്രവണത പ്രോത്സാഹിപ്പിക്കാനായി വിവിധ റോഡ് നിയമ ലംഘനങ്ങൾക്കുള്ള പിഴ തുകകൾ കൂട്ടുന്നതിനുള്ള ശുപാർശകൾ റോഡ് സുരക്ഷ അതോറിറ്റി അംഗീകരിച്ചത്, സർക്കാർ പരിശോധിച്ചുവരുന്നു. |

| | |
|---|---|
| | അതിനുപുറമെ റോഡ് നിയമലംഘനങ്ങൾക്ക് കർശന ശിക്ഷ നൽകുന്നതിനും കേന്ദ്ര നിയമത്തിൽ വരുത്തേണ്ട മാറ്റങ്ങൾക്ക് വേണ്ട ശുപാർശകൾ സമർപ്പിക്കുവാനും തീരുമാനമായിട്ടുണ്ട്. |
| (ഇ). റോഡപകടങ്ങൾ കൂടുതലായി സംഭവിക്കുന്ന സ്ഥലങ്ങളിൽ പ്രത്യേക പഠനം നടത്തി അപകടങ്ങൾ ഒഴിവാക്കുന്നതിന് ആവശ്യമായ സംവിധാനം ഏർപ്പെടുത്തുമോ ? | (ഇ).റോഡ് സുരക്ഷാ അതോറിറ്റി ഈ വിഷയവും പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 432 18 -12-2008 ൽ മറുപടിക്ക്.

## മോട്ടോർ വാഹന ചട്ടങ്ങൾ പരിഷ്കരിക്കാൻ നടപടി

| ചോദ്യം: ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി ; | ഉത്തരം ശ്രീ. മാത്യു.ടി.തോമസ് (ഗതാഗതവും, പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
|---|---|
| (എ). അശ്രദ്ധയോടും അമിതവേഗതയിലും വാഹനങ്ങൾ ഓടിക്കുന്നതുമൂലമുള്ള അപകടങ്ങൾ തടയാൻ മോട്ടോർ വാഹന ചട്ടങ്ങൾ പരിഷ്കരിക്കാൻ എന്ത് നടപടികളാണ് സ്വീകരിക്കുന്നത് ; | (എ). അശ്രദ്ധയോടും അമിതവേഗതയിലും വാഹനമോടിച്ച് അപകടമുണ്ടാക്കുന്നവർക്ക് നൽകുന്ന ശിക്ഷ വർദ്ധിപ്പിക്കുവാൻ മോട്ടോർ വാഹനചട്ടങ്ങൾ പരിഷ്കരിക്കുന്നതിനുള്ള ശുപാർശ സർക്കാരിന്റെ സജീവപരിഗണനയിലാണ്. |
| (ബി). വിദ്യാലയങ്ങളുടെ സമീപത്തുള്ള റോഡുകളിൽ സൈൻബോർഡുകൾ സ്ഥാപിക്കാനും സ്കൂൾ പ്രവൃത്തി തുടങ്ങുന്ന രാവിലെയും അവസാനിക്കുന്ന വൈകുന്നേരവും അതുവഴിയുള്ള വാഹനങ്ങളുടെ വേഗത കുറയ്ക്കാനും നടപടികൾ സ്വീകരിക്കുമോ ; | (ബി). വിദ്യാലയങ്ങളുടെ സമീപത്തുള്ള റോഡുകളിൽ വാഹനങ്ങളുടെ പരമാവധി വേഗം നിജപ്പെടുത്തിയിട്ടുണ്ട്. ആയത് രേഖപ്പെടുത്തിയിട്ടുള്ള ബോർഡുകൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. ഈ സ്ഥലങ്ങളിൽ വാഹനങ്ങളുടെ വേഗത കുറയ്ക്കുന്നതിനായി ഹമ്പുകളും മറ്റും സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി). അമിത വേഗത നിയന്ത്രിക്കുന്നതിന് ആവശ്യമായ ഉപകരണങ്ങൾ വാഹനങ്ങളിൽ ഘടിപ്പിക്കാൻ സത്വര നടപടി സ്വീകരിക്കുമോ ? | (സി). വാഹനങ്ങളുടെ അമിതവേഗത നിയന്ത്രിക്കുന്നതിന് സ്റ്റേജ് ക്യാരേജ് ഉൾപ്പെടെയുള്ള എല്ലാ ഹെവിവാഹനങ്ങളിലും സ്പീഡ് ഗവർണർ ഘടിപ്പിച്ചുകഴിഞ്ഞു. സ്പീഡ് ഗവർണർ ഘടിപ്പിക്കാത്ത സ്റ്റേജ് ക്യാരേജ് ബസുകളും ഹെവി ട്രാൻസ്പോർട്ട് വാഹനങ്ങളും സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യുന്നില്ല. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം. 433

18.12.2008-ൽ മറുപടിയ്ക്ക്

## കീടനാശിനി പ്രയോഗം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എസ്. രാജേന്ദ്രൻ<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>ശ്രീ. വി. ശശികുമാർ<br>ശ്രീ. എം. ഹംസ<br>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) വിവിധ വിളകൾക്കുള്ള കീടനാശിനികളുടെ പ്രയോഗം സംബന്ധിച്ച് കർഷകർക്ക് അറിവ് നൽകുന്നതിന് നിലവിലുള്ള സംവിധാനം എന്താണ്; | എ) കൃഷിഭവനുകൾ, ഫാം ഇൻഫർമേഷൻ ബ്യൂറോ, കീടനിരീക്ഷണ കേന്ദ്രം, കീടനാശിനി-മണ്ണ് പരിശോധനാശാലകൾ, അഗ്രോ ക്ലിനിക്കുകൾ എന്നീ സ്ഥാപനങ്ങൾ വഴി വിവിധ വിളകൾക്കുള്ള കീടനാശിനി പ്രയോഗത്തെ സംബന്ധിച്ച് കർഷകരെ ബോധവൽക്കരിക്കുന്നു. കൂടാതെ റേഡിയോ, ടെലിവിഷൻ, ലീഫ്‌ലെറ്റുകൾ, പുസ്തകങ്ങൾ എന്നീ മാധ്യമങ്ങൾ മുഖേനയും കീടനാശിനി പ്രയോഗത്തെക്കുറിച്ച് കർഷകർക്ക് അറിവ് നൽകുന്നു. ഇത് സംബന്ധിച്ച് പഞ്ചായത്ത് / ബ്ലോക്ക് / ജില്ലാ അടിസ്ഥാനത്തിൽ സെമിനാറുകളും ചർച്ചാ ക്ലാസ്സുകളും പരിശീലനങ്ങളും സംഘടിപ്പിച്ച് വിളപരിപാലനത്തെക്കുറിച്ചും കീടനാശിനി പ്രയോഗത്തെക്കുറിച്ചും കർഷകരെ ബോധവൽക്കരിക്കുന്നുണ്ട്. |
| ബി) കീടനാശിനികൾ സൗജന്യ നിരക്കിൽ വിതരണം ചെയ്യുന്നതിന് പദ്ധതിയുണ്ടോ; | ബി) നെൽകൃഷി വികസന പദ്ധതിയുടെ ഭാഗമായി കീടനാശിനി ഉൾപ്പെടെയുള്ള ഉൽപ്പാദനോപാധികൾക്കായി സബ്സിഡി നൽകുന്നുണ്ട്. 1000 ഗ്രാമങ്ങളിൽ സമഗ്ര ജൈവ പച്ചക്കറി കൃഷി പദ്ധതി പ്രകാരവും ജൈവകീടനാശിനിക്ക് ധനസഹായം നൽകുന്നുണ്ട്. സംയോജിത കീട നിയന്ത്രണ പദ്ധതിയുടെ ഒരു ഘടകം, ജനകീയാസൂത്രണ പദ്ധതി, RKVY |

| ചോദ്യം | ഉത്തരം |
| --- | --- |
| | പദ്ധതി എന്നിവ പ്രകാരവും പല വിളകൾക്കും കീടനാശിനികൾ കർഷകർക്ക് സൗജന്യമായി നൽകുന്നുണ്ട്. |
| (സി) അമിതമായ കീടനാശിനി പ്രയോഗം മൂലം പരിസ്ഥിതി പ്രശ്നങ്ങൾ ഉണ്ടാകാതിരിക്കാൻ കൃഷി വകുപ്പ് നടപടി സ്വീകരിക്കുമോ; | (സി) അമിത കീടനാശിനി പ്രയോഗംമൂലമുണ്ടാകുന്ന പരിസ്ഥിതി പ്രശ്നങ്ങൾ സംബന്ധിച്ച് കർഷകരെയും പൊതുജനങ്ങളെയും ബോധവൽക്കരിക്കുവാനുള്ള നടപടികൾ ഓരോ കൃഷിഭവന്റെയും പരിധിയിലുള്ള അഗ്രോക്ലിനിക്കുകൾ വഴി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ജൈവകൃഷി രീതികൾ പ്രചരിപ്പിക്കുന്നതിന്റെ ഭാഗമായി സെമിനാറുകൾ, ചർച്ചാക്ലാസുകൾ, പരിശീലനങ്ങൾ മുതലായവയും സംഘടിപ്പിച്ചു വരുന്നു. |
| (ഡി) സംസ്ഥാനത്ത് എത്ര മൊബൈൽ അഗ്രോ ക്ലിനിക്കുകൾ പ്രവർത്തിക്കുന്നു; കൂടുതൽ മൊബൈൽ ക്ലിനിക്കുകൾ ആരംഭിക്കുന്നതിനും നിലവിലുള്ളവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (ഡി) സംസ്ഥാനത്ത് 12 മൊബൈൽ അഗ്രോക്ലിനിക്കുകൾ കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു. ഇത് സംബന്ധിച്ച് കൂടുതൽ നിർദ്ദേശങ്ങളൊന്നും ഇപ്പോൾ പരിഗണനയിലില്ല. |

(ഒപ്പ്)
സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 434 — 18/12/2008-ൽ മറുപടിക്ക്

## ജൈവകൃഷി പ്രോത്സാഹനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.എസ്. സുനിൽ കുമാർ<br>ശ്രീ. മാങ്കോട് രാധാകൃഷ്ണൻ<br>ശ്രീ. പി. തിലോത്തമൻ<br>ശ്രീ. ബാബു പോൾ | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പു മന്ത്രി) |
| (എ) ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടിയുള്ള ജൈവ വളങ്ങളും, ജീവാണുവളങ്ങളും ജൈവ കീടനാശിനികളും ഉത്പാദിപ്പിക്കുന്നതിനും അവയുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനും എന്തെല്ലാം പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (എ) കേരള കൃഷി വകുപ്പിന്റെ കീഴിൽ തിരുവനന്തപുരത്തും, പട്ടാമ്പിയിലും ഉള്ള രണ്ട് സ്റ്റേറ്റ് ബയോഫെർട്ടിലൈസർ ലാബുകൾ ജീവാണുവളങ്ങൾ ഉല്പാദിപ്പിക്കുന്നുണ്ട്. കൃഷി വകുപ്പിന്റെ മണ്ണുത്തിയിലുള്ള സ്റ്റേറ്റ് ബയോ കൺട്രോൾ ലാബ്, ജൈവ കീടനാശിനികൾ ഉല്പാദിപ്പിക്കുന്നുണ്ട്. കൂടാതെ സ്വകാര്യ മേഖലയിലും ജൈവ വളങ്ങളും ജീവാണുവളങ്ങളും, ജൈവ കീടനാശിനികളും ഉല്പാദിപ്പിച്ചു വിതരണം ചെയ്യുന്നുണ്ട്. ഇവയുടെ ഗുണനിലവാരം പരിശോധനയ്ക്കുള്ള സംവിധാനം തിരുവനന്തപുരത്തെ കേന്ദ്ര മണ്ണു സസ്യാരോഗ്യ പരിപാലന കേന്ദ്രത്തിലും, രാസവള ഗുണനിയന്ത്രണ ലബോറട്ടറികളിലും ഉണ്ട്. സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ മുഖാന്തിരം ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി 20 മീ. x 1.5 മീ. x 0.75 മീ. വ്യാപ്തിയുള്ള മണ്ണിര കമ്പോസ്റ്റ് യൂണിറ്റ് നിർമ്മിക്കുന്നതിനായി 30,000 രൂപ സബ്സിഡി നൽകി വരുന്നു. |

(ബി) ജൈവകൃഷിയുടെയും ജൈവ വളങ്ങളുടെയും പേരിൽ നടക്കുന്ന തട്ടിപ്പുകൾ തടയുന്നതിന് എന്തെല്ലാം നടപടികളെടുത്തു വെന്ന് വെളിപ്പെടുത്തുമോ ?

(ബി) 2008 മാർച്ച് മുതൽ കേന്ദ്ര സർക്കാർ നിർദ്ദേശപ്രകാരം പുതിയ ജൈവ വളത്തിന്റെ ഉൽപാദന ലൈസൻസ് നൽകുകയോ പഴയ ലൈസൻസ് പുതുക്കുകയോ ചെയ്യുന്നില്ല. ജൈവ വളങ്ങളുടേയും ജീവാണുവളങ്ങളുടേയും സാംപിളുകൾ പരിശോധിക്കുന്നതിനുള്ള സംവിധാനം ഇപ്പോൾത്തന്നെ കൃഷി വകുപ്പിനുണ്ട്. എന്നാൽ ഗുണനിലവാരമില്ലാത്തവയ്ക്കെതിരെ രാസവള ഗുണ നിയന്ത്ര നിയമപ്രകാരം നിയമ നടപടികളെടുക്കാൻ ചില പ്രായോഗിക ബുദ്ധിമുട്ടുകളുണ്ട്. ഇത് പരിഹരിക്കുന്ന കാര്യം പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 435 18-12-08 ൽ മറുപടിക്ക്**

അനധികൃത ഗോഡൗണുകൾ

| ചോദ്യം: | ഉത്തരം: |
|---|---|
| ശ്രീ.കെ.സി.രാജഗോപാലൻ :<br>ശ്രീ.ബി.രാഘവൻ :<br>ശ്രീമതി.കെ.എസ്.സലീഖ :<br>ശ്രീ.എം.പ്രകാശൻ മാസ്റ്റർ :<br>ശ്രീ.അൽഫോൺസ് കണ്ണന്താനം : | ഡോ. റ്റി.എം. തോമസ് ഐസക്<br>(ധനകാര്യ വകുപ്പ് മന്ത്രി) |
| (എ) വ്യാപാരികൾ തങ്ങളുടെ ചരക്കുകൾ സൂക്ഷിക്കുന്ന ഗോഡൗണുകളെ സംബന്ധിച്ച വിവരങ്ങൾ പ്രഖ്യാപിക്കണമെന്ന് വ്യവസ്ഥയുണ്ടോ ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ, ചില വ്യാപാരികൾ വെളിപ്പെടുത്താത്ത സ്ഥലങ്ങളിൽ ചരക്കുകൾ സൂക്ഷിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിനാൽ 2008ലെ കേരളാ ധനകാര്യ ആക്റ്റ് പ്രകാരം, ഇത്തരം പ്രവണതകൾ തടയുന്നതിലേക്കായി മൂല്യ വർദ്ധിത നികുതി നിയമത്തിന്റെ വകുപ്പ് 44 ഭേദഗതി ചെയ്ത് കടുത്ത ശിക്ഷാ നടപടികൾ വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (സി) ഇതിന്റെ ഫലമായി സർക്കാരിന് വൻതോതിൽ നികുതി നഷ്ടപ്പെടുന്നത് തടയുന്നതിന് നടപടി സ്വീകരിക്കുമോ ; | (സി) അപ്രഖ്യാപിത ഗോഡൗണുകളിൽ ചരക്ക് സൂക്ഷിക്കുന്നതുവഴി വൻതോതിൽ നികുതി വെട്ടിപ്പ് നടന്നുവരുന്നതായി ശ്രദ്ധയിൽപ്പെടുകയും, അതിനെതിരെ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. മൂല്യവർദ്ധിത നികുതി നിയമത്തിന്റെ 44(10) വകുപ്പു പ്രകാരമുള്ള ഭേദഗതി നിലവിൽ വന്നതിനു ശേഷം സംസ്ഥാനമൊട്ടാകെ 26 കേസുകളിലായി 141.45 ലക്ഷം രൂപ പിഴ ചുമത്തുകയും കോമ്പൗണ്ടിംഗ് ഫീ ആയി 4.99 ലക്ഷം രൂപ ഈടാക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) അപ്രഖ്യാപിത ഗോഡൗണുകളിൽ ചരക്കുകൾ സൂക്ഷിക്കുന്നത് പൂഴ്ത്തിവയ്പായി കണക്കാക്കി നിയമ നടപടി സ്വീകരിക്കുമോ ? | (ഡി) നടപടി സ്വീകരിച്ചിട്ടുണ്ട്.<br>(ബി) പിരിവിന്റെ മറുപടി ബാധകമാണ്. |

Chandrika

സെക്ഷൻ ഓഫീസർ

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 436

18.12.2008 ലെ മറുപടിയ്ക്ക്

## ബസ് പെർമിറ്റ് പുതുക്കൽ

| ചോദ്യം: | ഉത്തരം : |
| --- | --- |
| ശ്രീ. കോവൂർ കുഞ്ഞുമോൻ<br>ശ്രീ. എ.എ. അസീസ് | ശ്രീ. മാത്യു. ടി. തോമസ്<br>(ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) കാലാവധി തീരുന്ന ബസ് പെർമിറ്റ് പുതുക്കി നൽകുവാൻ എത്ര സമയമെടുക്കുന്നുണ്ട്; | എ) കാലാവധി തീരുന്ന ബസ് പെർമിറ്റ് പുതുക്കി നൽകുവാൻ എത്രസമയം എടുക്കുമെന്ന് കൃത്യമായി പറയുവാൻ സാധിക്കുകയില്ല. പെർമിറ്റിന്റെ കാലാവധി തീരുന്നതിന് 15 ദിവസങ്ങൾക്ക് മുൻപേ പുതുക്കുന്നതിനുള്ള അപേക്ഷ നൽകിയിരിക്കണം. ചില ജില്ലകളിൽ ജില്ലക്കുള്ളിൽ കൂടി മാത്രം സർവ്വീസ് നടത്തുന്ന ബസ്സുകൾക്ക് പെർമിറ്റ് പുതുക്കി നൽകുവാൻ റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റി സെക്രട്ടറിയെ അധികാരപ്പെടുത്തിയിട്ടുണ്ട്. അല്ലാത്തവ റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റി മീറ്റിങ്ങിൽ വച്ചതിന് ശേഷം മാത്രമേ പുതുക്കി നൽകുകയുള്ളൂ. അന്തർ - ജില്ലാ സർവ്വീസ് നടത്തുന്ന ബസ്സുകളുടെ പെർമിറ്റ് പുതുക്കണമെങ്കിൽ ബസ്സ് കടന്നുപോകുന്ന ജില്ലകളിലെ റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റികളുടെ "കൺകറൻസ്" വാങ്ങിയിരിക്കേണ്ടതാണ്. അതാതു ജില്ലകളുടെ കൺകറൻസ് ലഭിക്കുന്ന മുറയ്ക്ക് മാത്രമേ അടുത്തു നടക്കുന്ന റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റി മീറ്റിംഗിൽ പെർമിറ്റ് പുതുക്കുന്നതിനുള്ള അപേക്ഷ ഉൾപ്പെടുത്തി പരിഗണിക്കാൻ സാധിക്കുകയുള്ളൂ. |

| | | | |
|---|---|---|---|
| ബി) | ഈ കാലയളവിൽ പ്രസ്തുത ബസുകൾ സർവ്വീസ് നടത്താറുണ്ടോ; | ബി) | ഈ കാലയളവിൽ പ്രസ്തുത ബസ്സുകൾ സർവ്വീസ് നടത്താറുണ്ട്. ബസ്സുകളുടെ പെർമിറ്റിന്റെ കാലാവധി തീരുന്ന മുറയ്ക്ക് മോട്ടോർ വാഹന നിയമം വകുപ്പ് 87(ഡി) അനുസരിച്ച് സ്റ്റാമ്പ് പതിച്ച് അപേക്ഷയിൻമേൽ 4 മാസകാലാവധിയിൽ താത്കാലിക പെർമിറ്റ് അനുവദിച്ച് കൊടുക്കും. പ്രസ്തുത പെർമിറ്റിന്റെ കാലാവധി തീരുന്നമുറയ്ക്ക് 250/- രൂപ ഫീസും സർവ്വീസ് ചാർജ്ജും അടച്ച് അപേക്ഷിച്ചാൽ തുടർന്നും 4 മാസകാലാവധിയിൽ താത്കാലിക പെർമിറ്റ് നൽകുന്നതാണ്. നികുതി സാധാരണ നിരക്കിൽത്തന്നെ ഈടാക്കുന്നതാണ്. |
| സി) | എങ്കിൽ ഈ കാലത്തേക്ക് എന്ത് തുകയാണ് സർക്കാരിന് ലഭിക്കുന്നത്; | സി) | പെർമിറ്റ് കാലാവധിക്ക് ശേഷം ആദ്യത്തെ 4 മാസത്തെ താത്കാലിക പെർമിറ്റ് അപേക്ഷയിൽ സെക്ഷൻ 87(ഡി) അനുസരിച്ച് മതിയായ കോർട്ട് ഫീ സ്റ്റാമ്പ് മാത്രമേ പതിക്കേണ്ടതുള്ളൂ. തുടർന്ന് വരുന്ന താത്ക്കാലിക പെർമിറ്റുകളിൽ 250/- രൂപ ഫീസും സർവ്വീസ് ചാർജ്ജും നികുതി കൂടാതെ ലഭിക്കും. |
| ഡി) | ബസ് സർവ്വീസ് നടത്തുന്നപക്ഷം ഈ തുക മാത്രം വാങ്ങുന്നത് ശരിയായ നടപടിയാണോ; | ഡി) | ബസ്സ് സർവ്വീസ് നടത്തുന്നപക്ഷം ഈ തുക മാത്രം വാങ്ങുന്നത് നിയമാനുസൃതമാണ്. |
| ഇ) | നിയമപ്രകാരം ഈ കാലത്തേക്ക് എന്ത് തുകയാണ് അടയ്ക്കേണ്ടത് എന്ന് വ്യക്തമാക്കുമോ? | ഇ) | പെർമിറ്റ് കാലാവധിയ്ക്ക് ശേഷം ആദ്യത്തെ നാല് മാസത്തേയ്ക്ക് കോർട്ട് ഫീ സ്റ്റാമ്പിന്റെ വിലയായ 5/- രൂപയും തുടർന്ന് വരുന്ന 4 മാസത്തേയ്ക്ക് 250/- രൂപ താത്ക്കാലിക പെർമിറ്റ് ഫീയും സർവ്വീസ് ചാർജ്ജും സർക്കാരിന് അടയ്ക്കേണ്ടതുണ്ട്. ഭേദഗതി ചെയ്യുന്ന സംഗതി പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട**
**ചോദ്യം നം: 437**

18.12.2008-ൽ മറുപടിയ്ക്ക്

## കാർഷിക മേഖലയിലെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.വി. ശ്രേയാംസ് കുമാർ<br>ശ്രീ. കെ.പി. മോഹനൻ<br>ശ്രീ. ജോസ് തെറ്റയിൽ<br>ശ്രീ. എം.കെ. പ്രേംനാഥ് | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) കാർഷിക മേഖലയിൽ ഏതെല്ലാം മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളാണ് പുറത്തിറ ക്കിയിട്ടുള്ളത്; | എ) കാർഷികോൽപ്പന്നങ്ങളായ നാളികേരം, നെല്ല്, റബ്ബർ, അടയ്ക്ക, വാഴ, സുഗന്ധദ്രവ്യങ്ങൾ, പച്ച ക്കറി, പഴവർഗ്ഗങ്ങൾ, കശുവണ്ടി എന്നിവ യിൽ നിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിച്ച് വിപണിയിലിറക്കിയിട്ടുണ്ട്. അവ യിൽ പ്രധാനപ്പെട്ട ചിലവ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| ബി) സംസ്ഥാനത്ത് കാർഷിക മേഖലയിൽ കൂടുതൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ പുറത്തിറക്കുന്നത് സംബന്ധിച്ച് നില പാട് വ്യക്തമാക്കുമോ? | ബി) കർഷകർക്ക് മെച്ചപ്പെട്ട ആനുകൂല്യവും, അവരുടെ ഉൽപ്പന്നങ്ങൾക്ക് പുതിയ വിപണിയും കണ്ടെത്തുന്നതിലേയ്ക്കായി മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ കൂടുതൽ ഉൽപ്പാദി പ്പിച്ച് അവയുടെ കയറ്റുമതി പരമാവധി പ്രോത്സാഹിപ്പിക്കുക എന്നതാണ് സർക്കാർ നിലപാട്. |

(signature)

സെക്ഷൻ ഓഫീസർ

## അനുബന്ധം

### കാർഷികോൽപ്പന്നങ്ങളിൽ നിന്നും ഉൽപ്പാദിപ്പിക്കപ്പെട്ടിരിക്കുന്ന മൂല്യവർദ്ധിത ഉൽപ്പന്നങ്ങളിൽ ചിലവ

കോക്കനട്ട് ക്രീം

ഡെസിക്കേറ്റഡ് കോക്കനട്ട് (തൂറം തേങ്ങ)

വെർജിൻ വെളിച്ചെണ്ണ

തേങ്ങാ പാൽ പൊടി

ചിപ്സ്

പാസ്ചറൈസ്ഡ് ഇളനീർ

തേങ്ങാ വെള്ളത്തിൽ നിന്ന് വിനാഗിരി

ചിരട്ടയിൽ നിന്നും ചിരട്ടക്കരി

ചിരട്ട കൊണ്ടുള്ള മറ്റ് ഉല്പന്നങ്ങൾ

അരിപ്പൊടി

അവൽ

മലർ

ബ്രാൻ ഓയിൽ

ബനാനാ പൗഡർ

തുണിത്തരങ്ങൾ

ബാഗുകൾ

സഞ്ചികൾ

അടയ്ക്കയിൽ നിന്നും ഗുഡ്ക്ക

വാഴനാര് ഉല്പന്നങ്ങളായ പായ്കൾ, പോട്ട് ഹാങ്കേഴ്സ്

കശുമാങ്ങാ സിറപ്പ്, സ്ക്വാഷ്, വൈൻ, ജാം, ജ്യൂസ്, അച്ചാർ, കാന്റി

കശുമാങ്ങ പൗഡർ

ഉണക്കിയ കശുമാങ്ങ

കറിപൗഡറുകൾ മുതലായവ.

പന്ത്രണ്ടാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 438 18.12.2008 ൽ മറുപടിക്ക്

## വാണിജ്യ നികുതി കുടിശ്ശിക ഈടാക്കുവാൻ ആംനസ്റ്റി സ്കീം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.എം.മോനായി,<br>ശ്രീമതി പി.അയിഷാ പോറ്റി<br>ശ്രീ.കെ.വി.കുഞ്ഞിരാമൻ<br>ശ്രീ.മഞ്ഞളാംകുഴി അലി,<br>ശ്രീ.മുരളി പെരുനെല്ലി | ഡോ. റ്റി. എം. തോമസ് ഐസക്<br>(ധനകാര്യ വകുപ്പ് മന്ത്രി) |
| (എ) വാണിജ്യ നികുതി കുടിശ്ശിക ഈടാക്കുന്നതിന് ആവിഷ്കരിച്ച ആംനസ്റ്റി സ്കീമിൻെറ വിശദാംശം വെളിപ്പെടുത്തുമോ; | (എ) വാണിജ്യ നികുതി കുടിശ്ശിക ഈടാക്കുന്നതിന് ആവിഷ്കരിച്ച ആംനസ്റ്റി സ്കീമിൻെറ വിശദാംശം ഇപ്രകാരമാണ്.<br>90-91 വരെയുള്ള കാലത്തേക്കുള്ള നികുതിയുടെ 75 ശതമാനം ഒടുക്കിയാൽ പലിശയും പിഴയും പൂർണ്ണമായും മുതലിൻെറ 25 ശതമാനവും ഒഴിവാക്കും.<br>91-92 മുതൽ 95-96 കാലത്തേക്കുള്ള നികുതിയുടെ 100 ശതമാനം ഒടുക്കണം. പലിശയും പിഴയും പൂർണ്ണമായും ഒഴിവാക്കും.<br>96-97 മുതൽ 99-2000 വരെയുള്ള കുടിശ്ശികയുടെ പലിശ, പിഴ എന്നിവയുടെ 5 ശതമാനം വീതവും നികുതി 100 ശതമാനവും ഒടുക്കണം.<br>2000-01 മുതൽ 2004-05 കാലത്തേക്കുള്ള കുടിശ്ശികയുടെ പലിശ, പിഴ എന്നിവയുടെ 10 ശതമാനം വീതവും നികുതി 100 ശതമാനവും അടയ്ക്കേണ്ടതാണ്.<br>നികുതി മുഴുവനും അടച്ചുകഴിഞ്ഞ, പലിശ മാത്രം അടയ്ക്കാനുള്ള കേസുകളിൽ പലിശയുടെ 10 ശതമാനം തുക മാത്രം അടച്ചാൽ മതിയാകും.<br>വാണിജ്യ നികുതി വകുപ്പിൽ ഒടുക്കേണ്ട എല്ലാ നികുതികളും ഈ പദ്ധതിപ്രകാരം തീർപ്പാക്കാം ഇതനുസരിച്ച് കുടിശ്ശിക തീർപ്പാക്കാൻ ആഗ്രഹിക്കുന്നവർക്ക് നികുതി നിർണ്ണയ അധികാരി മുമ്പാകെ 31.12.2008 വരെ അപേക്ഷ സമർപ്പിക്കാവുന്നതാണ്. നേരത്തേ ഇത് 30.06.2008 വരെയായിരുന്നു.<br>ഉത്തരവ് ലഭിച്ച് 15 ദിവസത്തിനകം ഒടുക്കേണ്ട തുകയുടെ 25 ശതമാനവും അടുത്ത മാസം മുതൽ ബാക്കിയുള്ള തുക 3 തുല്യമാസ തവണകളായി അടയ്ക്കേണ്ടതാണ്. ഈ കേസുകളിൽ റവന്യൂ റിക്കവറി നടപടികൾ പിൻവലിക്കുന്നതും, കളക്ഷൻ ചാർജ്ജുകൾ ഒഴിവാക്കുന്നതുമാണ്. ഈ പദ്ധതിപ്രകാരമുള്ള ആനുകൂല്യം നികുതി നിർണ്ണയത്തിനെതിരെ അപ്പീൽ, റിവിഷൻ, കോടതി വ്യവഹാരം എന്നിവ നൽകിയിട്ടുള്ള കുടിശ്ശികക്കാർക്കും ലഭിക്കുന്നതാണ്. കുടിശ്ശികക്കാരനെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിലും, ടി കുടിശ്ശിക ഈ പദ്ധതിപ്രകാരം തീർപ്പുകൽപ്പിക്കാവുന്നതാണ്. |

| | | |
|---|---|---|
| (ബി) | സ്കീം അനുസരിച്ച് കുടിശ്ശിക സെറ്റിൽ ചെയ്യുന്നതിനായി എത്ര അപേക്ഷകൾ ലഭിച്ചു; | (ബി) കുടിശ്ശിക സെറ്റിൽ ചെയ്യുന്നതിനായി 11.12.08 വരെ 7624 അപേക്ഷകൾ ലഭിച്ചു |
| (സി) | എത്ര തുക ഈ സ്കീം അനുസരിച്ച് പിരിച്ചെടുക്കാൻ കഴിഞ്ഞു എന്ന് വ്യക്തമാക്കുമോ; | (സി) 11.12.08 വരെയുള്ള കണക്കനുസരിച്ച് 56.50 കോടി രൂപ പിരിച്ചെടുത്തു. |
| (ഡി) | കുടിശ്ശികക്കാർക്ക് എത്ര രൂപയുടെ ആനുകൂല്യം ഇതുമൂലം ലഭിച്ചിട്ടുണ്ട്; | (ഡി) കുടിശ്ശികക്കാർക്ക് 141.02 കോടി രൂപയുടെ ആനുകൂല്യം ലഭിച്ചിട്ടുണ്ട് |
| (ഇ) | കുടിശ്ശിക സെറ്റിൽ ചെയ്യുന്നതിന് അപേക്ഷ നൽകുന്നതിനുള്ള കാലാവധി ദീർഘിപ്പിക്കാൻ നടപടി സ്വീകരിക്കുമോ? | (ഇ) ഇതിന്റെ കാലാവധി 31.12.2008 വരെയാക്കി ദീർഘിപ്പിച്ചിട്ടുണ്ട്. ഇനിയും ദീർഘിപ്പിക്കുന്ന കാര്യം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം. 439

18.12.2008-ൽ മറുപടിക്ക്

## കൃഷി ഫാമുകളുടെ നവീകരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. കൃഷ്ണപ്രസാദ്<br>ശ്രീ. എം. ചന്ദ്രൻ<br>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ<br>ശ്രീ. പി. വിശ്വൻ | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) കൃഷി ഫാമുകളുടെ നവീകരണത്തിനായി സർക്കാർ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; | എ) ഉണ്ട്. കൃഷി വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള 10 സ്പെഷ്യൽ ഫാമുകളുടെ നവീകരണമാണ് സർക്കാർ പ്രധാനമായും ലക്ഷ്യമിട്ടിരിക്കുന്നത്. നടപ്പു സാമ്പത്തിക വർഷം നടീൽ വസ്തുക്കളുടെ ഉല്പാദനത്തിനും വിതരണത്തിനുമായി 125 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഫാമുകളുടെ നവീകരണത്തിനായി താഴെ പറയുന്ന പ്രവർത്തനങ്ങളാണ് പ്രധാനമായും നടപ്പാക്കി വരുന്നത്.<br><br>1. കർഷകർക്ക് വിതരണം നടത്തുന്നതിനായി വിവിധ വിളകളുടെ ഗുണമേന്മയുള്ള വിത്തും നടീൽ വസ്തുക്കളും ഉൽപ്പാദിപ്പിക്കുക.<br><br>2. രോഗപ്രതിരോധ ശക്തിയുള്ള അത്യുല്പാദനശേഷിയുള്ള വിളയിനങ്ങളുടെ കൃഷിരീതികൾ കർഷകർക്ക് ബോദ്ധ്യപ്പെടുത്തുന്ന മാതൃകാ കൃഷിസമ്പ്രദായം നടപ്പിലാക്കുകയും കാർഷിക യന്ത്രവൽക്കരണമുൾപ്പെടെയുള്ള നൂതന സാങ്കേതിക വിദ്യകൾ നടപ്പിലാക്കി ബോദ്ധ്യപ്പെടുത്തുകയും ചെയ്യുക.<br><br>3. നെല്ല്, പച്ചക്കറി, സുഗന്ധവ്യഞ്ജന വിളകൾ, ഫലവൃക്ഷങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ എന്നിവയുടെ അത്യുല്പാദനശേഷിയുള്ള പുതിയ ഇനം നടീൽ വസ്തുക്കൾ കാർഷിക സർവ്വകലാശാല, |

മറ്റ് ഗവേഷണ കേന്ദ്രങ്ങൾ തുടങ്ങിയയിടങ്ങളിൽ നിന്നും വാങ്ങി ഫാമുകളിൽ വർദ്ധനം നടത്തി കർഷകർക്ക് വിതരണം ചെയ്യുക.

4. പ്രജനന തോട്ടങ്ങളുടേയും മാതൃകാ കൃഷി ത്തോട്ടങ്ങളുടേയും വിസ്തൃതി വർദ്ധിപ്പിക്കുക.

5. നിലവിലുള്ള വിളകളുടെ പരിപാലനത്തിനും നടീൽ വസ്തുക്കളുടെ ഉല്പാദനത്തിനുമായി ഉല്പാദനോപാധികൾ ലഭ്യമാക്കുക.

6. ഫാമുകളിലെ ജലസേചന സൗകര്യം മെച്ചപ്പെടുത്തുകയും പമ്പുസെറ്റ്, വാട്ടർ ടാങ്ക്, പൈപ്പ് ലൈൻ, ഗ്രീൻഹൗസ് തുടങ്ങിയവ നിർമ്മിക്കുകയും നൂതന കാർഷിക യന്ത്രോപകരണങ്ങൾ വാങ്ങുകയും ചെയ്യുക.

7. വിത്തുസംഭരണശാല, മെതിയിടം, ആഫീസ് കെട്ടിടങ്ങൾ, ക്വാർട്ടേഴ്സ് എന്നിവയുടെ ചെറുകിട അറ്റകുറ്റ പണികൾ നിർവ്വഹിക്കുകയും നടീൽ വസ്തുക്കളുടെ ഉല്പാദനത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുകയും ചെയ്യുക. പഴസംസ്ക്കരണ യൂണിറ്റ്, ടിഷ്യൂകൾച്ചർ ഹാർഡനിംഗ് യൂണിറ്റ് എന്നിവ പ്രവർത്തിപ്പിക്കുക.

| | |
|---|---|
| ബി) കൃഷി ഫാമുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | ബി) നടപ്പു സാമ്പത്തിക വർഷം ഈ ഇനത്തിൽ വകയിരുത്തിയിട്ടുള്ള ഫണ്ട് വിനിയോഗിച്ച് കൃഷി ഫാമുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ആർ.കെ.വി.വൈ. പദ്ധതി പ്രകാരം 2007-08 വർഷത്തിൽ സംസ്ഥാനത്തെ വിവിധ ജില്ലകളിലെ ഫാമുകളുടെ പുനരുജ്ജീവനത്തിനും അടിസ്ഥാന സൗകര്യ വികസനത്തിനുമായി ആവിഷ്ക്കരിച്ച |

| | |
|---|---|
| | 199.70 ലക്ഷം രൂപയുടെ പദ്ധതികളും നടപ്പിലാക്കി വരുന്നുണ്ട്. |
| സി) ഫാമുകളുടെ നവീകരണത്തിനായി മാസ്റ്റർപ്ലാൻ തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | സി) സ്പെഷ്യൽ ഫാമുകളുടെ വികസനത്തിനായി ഓരോ ഫാമിന്റെയും സമഗ്ര വികസനം ലക്ഷ്യമാക്കിയുള്ള വിവിധ പ്രോജക്റ്റുകൾ തയ്യാറാക്കി നടപ്പിലാക്കി വരുന്നു. |
| ഡി) നടീൽ വസ്തുക്കൾ വാങ്ങുന്നതിന് സ്വകാര്യ ഫാമുകളെ ആശ്രയിക്കേണ്ടി വരുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി കൃഷി ഫാമുകളെ ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കുമോ? | ഡി) കൃഷി ഫാമുകളെ ശക്തിപ്പെടുത്തി പരമാവധി നടീൽ വസ്തുക്കൾ ഉല്പാദിപ്പിച്ച് അടുത്ത നടീൽ സീസണിൽ വിതരണം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

—

## പന്ത്രണ്ടാം കേരള നിയമസഭ

### ഒമ്പതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട** 18.12.2008-ൽ

*ചോദ്യം നമ്പർ 440* മറുപടിക്ക്

### പാട്ടക്കരാർ വ്യവസ്ഥ ലംഘിച്ചവർക്കെതിരെ നടപടി

| ചോദ്യം<br>ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് | ഉത്തരം<br>ശ്രീ.കെ.പി.രാജേന്ദ്രൻ<br>(റവന്യൂ വകുപ്പു മന്ത്രി) |
| --- | --- |
| (എ) വിവിധ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും പാട്ടത്തിന് നൽകിയിട്ടുള്ള സർക്കാർ ഭൂമി കരാർ വ്യവസ്ഥകൾ ലംഘിച്ച് ക്രയവിക്രയം ചെയ്യുന്നത് തടയാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ അവ ഏതെല്ലാം ; | (എ). വിവിധ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും പാട്ടത്തിന് നൽകിയിട്ടുള്ള സർക്കാർ ഭൂമി കരാർ വ്യവസ്ഥകൾ ലംഘിച്ച് ക്രയവിക്രയം ചെയ്യുന്നത് തടയാൻ എല്ലാ ജില്ലകളിലും നടപടി സ്വീകരിച്ചിട്ടുണ്ട്. വ്യവസ്ഥകൾ ലംഘിക്കുന്ന കേസ്സുകളിൽ സർക്കാർ ഭൂമി കക്ഷിയിൽ നിന്നും പാട്ടം റദ്ദാക്കി തിരികെ സർക്കാരിലേയ്ക്ക് ഏറ്റെടുത്തിട്ടുണ്ട്. |
| (ബി) പാട്ടത്തുക കരാർ വ്യവസ്ഥയനുസരിച്ചു തന്നെ സർക്കാരിന് ലഭിക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നുണ്ടോ ; കുടിശ്ശിക എത്രയുണ്ടെന്ന് അറിയിക്കുമോ ; | (ബി). പാട്ടത്തുക കരാർ വ്യവസ്ഥ അനുസരിച്ച് പിരിച്ചെടുക്കുവാൻ ശ്രദ്ധിക്കുന്നുണ്ട്. നിലവിലുള്ള പാട്ടക്കുടിശ്ശിക 38,25,27,228 (മുപ്പത്തി എട്ടുകോടി, ഇരുപത്തി അഞ്ച് ലക്ഷത്തി ഇരുപത്തിയേഴായിരത്തി ഇരുന്നൂറ്റി ഇരുപത്തിയെട്ട്) രൂപ (കോടതി സ്റ്റേ ഉൾപ്പെടെ)യാണ്. |
| (സി) പാട്ടത്തുക കാലോചിതമായി വർദ്ധിപ്പിക്കുന്നതിന് നടപടിയെടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ അടിയന്തിരമായി നടപടി സ്വീകരിക്കുമോ ? | (സി) പാട്ടത്തുക കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള ശുപാർശ സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |

പന്ത്രണ്ടാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം. 441

18.12.2008-ൽ മറുപടിയ്ക്ക്

## അഗ്രി പോളി ക്ലിനിക്ക്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മുരളി പെരുനെല്ലി<br>ശ്രീ. ആനത്തലവട്ടം ആനന്ദൻ<br>ശ്രീ. സി.എച്ച്. കുഞ്ഞമ്പു<br>ശ്രീ. സി.കെ.പി. പത്മനാഭൻ<br>ശ്രീ. രാജു എബ്രഹാം | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) കൃഷി വകുപ്പ് ആവിഷ്ക്കരിച്ച അഗ്രി പോളി ക്ലിനിക്കിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ; | എ) കൃഷി വകുപ്പ് അഗ്രി പോളി ക്ലിനിക്ക് എന്ന പേരിൽ ഒരു പദ്ധതി ആവിഷ്ക്കരിച്ചു നടപ്പിലാക്കുന്നില്ല. |
| ബി) ഏതെല്ലാം സ്ഥലങ്ങളിലാണ് ക്ലിനിക്ക് സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുള്ളത്;<br>സി) ക്ലിനിക്കിൽ പരിശീലനം നടത്തുന്നവർക്ക് എന്തെല്ലാം സഹായങ്ങളാണ് ചെയ്യുന്നത്;<br>ഡി) പദ്ധതിക്ക് കാർഷിക സർവ്വകലാശാലയുടെ സഹകരണം ലഭ്യമാക്കിയിട്ടുണ്ടോ; | ബാധകമല്ല. |
| ഇ) നൂതന കൃഷി സമ്പ്രദായങ്ങളും അത്യുല്പാദനശേഷിയുള്ള നടീൽ വസ്തുക്കളും പ്രചരിപ്പിക്കുന്നതിന് ബൃഹത്തായ പദ്ധതികൾ ആസൂത്രണം ചെയ്യുമോ? | ഇ) നൂതന കൃഷി സമ്പ്രദായങ്ങളും അത്യുല്പാദനശേഷിയുള്ള നടീൽ വസ്തുക്കളും പ്രചരിപ്പിക്കുന്നതിന് കൃഷി വകുപ്പിന്റെ കീഴിൽ വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 442 18-12-2008 ൽ മറുപടിക്ക്.

## ബോട്ട് സർവ്വീസും അറ്റകുറ്റപ്പണികളും

| ചോദ്യം: | ഉത്തരം |
|---|---|
| ശ്രീ.സി.കെ.സദാശിവൻ :<br>ശ്രീ.എ.എം.ആരിഫ് :<br>ശ്രീ.എം.കെ.പുരുഷോത്തമൻ :<br>ശ്രീ.വി.എൻ.വാസവൻ :<br>ശ്രീ.സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : | ശ്രീ. മാത്യു.ടി.തോമസ്<br>(ഗതാഗതവും, പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |

| | |
|---|---|
| (എ). ജലഗതാഗതവകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ; | (എ). പുതിയ 10 ഫൈബർ ബോട്ടുകൾ വാങ്ങി. പുതിയ 14 സ്റ്റീൽ ബോട്ടുകൾ നിർമ്മിക്കുന്നതിന് സിൽക്കിന് ഓർഡർ നൽകി. 6 എണ്ണം ഇതിനോടകം ലഭിക്കുകയും, 8 എണ്ണത്തിന്റെ നിർമ്മാണ പ്രവർത്തനം നടന്നുവരുകയും ചെയ്യുന്നു.<br>രണ്ട് കോടി രൂപ ചെലവിൽ ആധുനിക രീതിയിലുള്ള സ്ലിപ്‌വേ ആലപ്പുഴ പോഞ്ഞിക്കരയിൽ നിർമ്മിക്കുന്നതിനുള്ള പ്രാരംഭനടപടികൾ നടന്നുവരുന്നു.<br>ആലപ്പുഴയിൽ നിലവിലുള്ള സ്ലിപ്‌വേയുടെ നവീകരണ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടന്നുവരുന്നു. |
| (ബി). ഇപ്പോൾ എത്ര ബോട്ടുകൾ സർവ്വീസ് നടത്തുന്നു ; | (ബി). ഇപ്പോൾ 47 ഷെഡ്യൂളുകളിലായി 51 ബോട്ടുകൾ സർവ്വീസ് നടത്തുന്നുണ്ട്. |
| (സി). ബോട്ടുകളുടെ അറ്റകുറ്റപ്പണികൾക്ക് നിലവിലുള്ള സംവിധാനം എന്താണ് ; | (സി). ബോട്ടുകളുടെ അറ്റകുറ്റപണികൾക്കായി നിലവിൽ ആലപ്പുഴയിലും, തേവരയിലും ഓരോ യാർഡുകൾ പ്രവർത്തിച്ചുവരുന്നു. ഡിപ്പാർട്ട്മെന്റ് ജീവനക്കാരുടെ സേവനത്തോടൊപ്പം, ലേബർ കോൺട്രാക്ട് അടിസ്ഥാനത്തിലും ഇപ്പോൾ റിപ്പയർ നടന്നുവരുന്നു. |

(ഡി). എത്ര ഫൈബർ ബോട്ടുകൾ സർവ്വീസ് നടത്തുന്നു ; ഈ ബോട്ടുകൾക്ക് അടിക്കടി യന്ത്രത്തകരാറുണ്ടാകുന്നതുമൂലമുള്ള ബുദ്ധിമുട്ട് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ;

(ഡി). ഇപ്പോൾ 8 ഫൈബർ ബോട്ടുകൾ സർവ്വീസ് നടത്തുന്നു. 4 എണ്ണം എറണാകുളത്തും, ഒരെണ്ണം എടത്വായിലും, 2 എണ്ണം വൈക്കത്തും ഒരെണ്ണം പാണാവള്ളിയിലും ആണ് സർവ്വീസ് നടത്തുന്നത്. രണ്ട് ഫൈബർ ബോട്ടുകൾ കിൻകോയുടെ യാർഡിൽ റിപ്പയറിലാണ്.

വകുപ്പിന് ഇപ്പോൾ സ്പെയർ ബോട്ടുകൾ ഉള്ളതിനാൽ ഫൈബർ ബോട്ടുകൾക്കുണ്ടാകുന്ന റിപ്പയർ സർവ്വീസിനെ പ്രതികൂലമായി ബാധിക്കുന്നില്ല.

(ഇ). കാലപ്പഴക്കം ചെന്ന ബോട്ടുകൾ മേജർ റിപ്പയർ നടത്തുന്നതിനു പകരം ലേലം ചെയ്തു വിൽക്കാൻ നടപടി സ്വീകരിക്കുമോ ?

(ഇ). കാലപ്പഴക്കം ചെന്ന ബോട്ടുകൾ റിപ്പയർ ചെയ്താലും സർവ്വീസ് നടത്തുവാൻ സാധിക്കാത്തവ മാത്രമാണ് സർക്കാർ അനുമതിയോടെ വിൽപ്പന നടത്തുന്നത്. റിപ്പയർ ചെയ്യാവുന്ന ബോട്ടുകൾ റിപ്പയർ ചെയ്ത് സർവ്വീസിന് ഉപയോഗിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ.

12-ാം കേരള നിയമസഭ

9-ാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 443 18.12.2008 -ൽ മറുപടിക്ക്

വാങ്മൂലം മറുപടി നൽകേണ്ട ചോദ്യം നമ്പർ: 443 18.12.2008 -ൽ മറുപടിക്ക്

## കെ.എസ്.ആർ.ടി.സിയുടെ ടിക്കറ്റിതര വരുമാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കെ. ദിവാകരൻ :<br>ശ്രീ. സി. എം. ദിനേശ് മണി :<br>ശ്രീ. എം. ഹംസ :<br>ശ്രീ. സി. എച്ച്. കുഞ്ഞമ്പു :<br>ശ്രീ. കെ. വി. കുഞ്ഞിരാമൻ : | ശ്രീ. മാത്യു.ടി.തോമസ്<br>(ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി കെ.എസ്.ആർ.ടി.സി. ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ് ; | (എ) | ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ വാണിജ്യപ്രാധാന്യമുള്ള വിവിധ ബസ് സ്റ്റേഷനുകളിൽ ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സിയുടെ സർവ്വീസിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ബസ് സ്റ്റേഷനുകളിലും അതിന്റെ പരിധിയിൽ വരുന്ന സ്ഥലങ്ങളിലും പരമാവധി സ്ഥലം യാത്രക്കാർക്ക് ബുദ്ധിമുട്ടുണ്ടാക്കാതെ കച്ചവടം നടത്തുന്നതിനായി ലേലം/ടെണ്ടർ മുഖേന നൽകിയിട്ടുണ്ട്. കൂടാതെ ബസ്സുകളിലും ബസ് സ്റ്റേഷനുകളിലും പരസ്യം ചെയ്യുന്നതിനുള്ള അവകാശം ലേലം/ടെണ്ടർ നടപടികളിലൂടെ പൂർത്തിയായി. ബസ്സിനുള്ളിൽ ഇലക്ട്രോണിക്സ് മീഡിയ വഴി പരസ്യം ചെയ്യുന്നതിനുള്ള അവകാശം ടെണ്ടർ ചെയ്തു നൽകുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. |
| (ബി) | ബസ് സ്റ്റാൻഡുകളോടനുബന്ധിച്ച് ഷോപ്പിംഗ് കോംപ്ലക്സുകൾ പണിയുന്നതിനാവശ്യമായ ഫണ്ട് എങ്ങനെ ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത് ? | (ബി) | കെ.എസ്.ആർ.ടി.സി. നേരിട്ട് ചെയ്യുന്ന ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തെ സംബന്ധിച്ച് വിശദമായ പരസ്യം നൽകി താൽപര്യമുള്ള ബിസിനസ്സുകാരിൽ നിന്നും |

| | | | |
|---|---|---|---|
| | | | പലിശരഹിത വായ്പാ നിക്ഷേപം സ്വീകരിച്ച് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണത്തിന്റെ സാമ്പത്തിക ബാദ്ധ്യത കൈകാര്യം ചെയ്യുന്നതിനാണ് വിഭാവന ചെയ്തിട്ടുള്ളത്. ബി.ഒ.ടി. അടിസ്ഥാനത്തിൽ ചെയ്യാൻ കെ.ടി.ഡി.എഫ്.സി.യാണ് മുതൽ മുടക്കുന്നത്. |
| (സി) | കെ.ടി.ഡി.എഫ്.സി.യിൽ നിന്നും കോർപ്പറേഷൻ എത്ര കോടി രൂപ വായ്പയെടുത്തിട്ടുണ്ട് ; | (സി) | കെ.ടി.എഫ്.സി.യിൽ നിന്നും 878 കോടി രൂപ വായ്പയെടുത്തിട്ടുണ്ട്. തിരിച്ചടവ് കഴിഞ്ഞ് ഇപ്പോൾ 381 കോടി രൂപ ബാക്കിയുണ്ട്. |
| (ഡി) | വായ്പയുടെ തിരിച്ചടവ് കൃത്യമായി നടത്തുന്നുണ്ടോയെന്ന് വിശദമാക്കുമോ ? | (ഡി) | വായ്പ തിരിച്ചടവ് നടത്തുന്നത് 19 യൂണിറ്റുകളിലെ മുഴുവൻ കളക്ഷനും ICICI, SBT, INDUS-IND എന്നീ ബാങ്കുകളിലെ എസ്ക്രോ അക്കൗണ്ടിൽ അടച്ചുകൊണ്ടാണ്. 15 ദിവസം കൂടുമ്പോൾ കെ.ടി.ഡി.എഫ്.സി.യ്ക്ക് E.D.I. ആയി ചെല്ലേണ്ട തുക കഴിച്ച് ബാക്കി തുക കെ.എസ്.ആർ.ടി.സി.യ്ക്ക് മടക്കി തരികയാണ് ചെയ്യുന്നത്. ആയതിനാൽ വായ്പാ തിരിച്ചടവിൽ നാളിതുവരെ മുടക്കമുണ്ടായിട്ടില്ല. 2008 ഒക്ടോബർ മാസംവരെ 16 കോടി രൂപയ്ക്കുമേൽ പ്രതിമാസം തിരിച്ചടവ് നടത്തുന്നുണ്ടായിരുന്നു. കഴിഞ്ഞ രണ്ട് മാസങ്ങളിൽ മുൻകാലങ്ങളിൽ എടുത്ത ചില വായ്പകളുടെ തിരിച്ചടവ് ഇപ്പോൾ തീർത്തതിനാൽ തിരിച്ചയവിൽ കുറവ് വന്നിട്ടുണ്ട്. ഇപ്പോൾ മുതലും പലിശയുമായി 15 കോടി 39 ലക്ഷം രൂപ പ്രതിമാസം അടയ്ക്കേണ്ടതായി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 444 — 18-12-2008 ൽ മറുപടിക്ക്.

## നഗരങ്ങളിലെ വാഹന പാർക്കിംഗ്

| ചോദ്യം: | ഉത്തരം |
|---|---|
| ശ്രീ.സാജുപോൾ :<br>ശ്രീ.ബി.ഡി.ദേവസ്സി :<br>ശ്രീ.രാജു എബ്രഹാം :<br>ശ്രീ.വി.ശിവൻകുട്ടി :<br>ശ്രീ.വി.എൻ.വാസവൻ : | ശ്രീ. മാത്യു.ടി.തോമസ്<br>(ഗതാഗതവും, പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| (എ). നഗരങ്ങളിൽ വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിന് അനുഭവപ്പെടുന്ന ബുദ്ധിമുട്ടുകൾ റോഡ് സുരക്ഷയെ ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ). ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി). സംസ്ഥാനത്തെ പ്രധാന നഗരങ്ങളിലും റോഡുകളിലും പാർക്കിംഗിന് പ്രത്യേക സംവിധാനവും സമയക്രമവും ഏർപ്പെടുത്തുവാൻ റോഡ് സുരക്ഷാ അതോറിറ്റി തയ്യാറാവുമോ ; | (ബി). പാർക്കിംഗ് അനുവദിക്കുന്നതിനും നിരോധിക്കുന്നതിനുമുള്ള അധികാരം സ്റ്റേറ്റ്/റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റികൾക്കാണ്. പാർക്കിംഗ് സംബന്ധിച്ച നിയമങ്ങൾ കർശനമായി നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി). തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ടാക്സി-ഓട്ടോ സ്റ്റാന്റുകൾ നിശ്ചയിക്കുവാൻ നടപടി സ്വീകരിക്കുമോ ? | (സി). ഇക്കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.

12-ാം കേരള നിയമസഭ

9-ാം സമ്മേളനം

വാങ്മൂലം മറുപടി നൽകേണ്ട ചോദ്യം നമ്പർ: 445 18.12.2008 -ൽ മറുപടിക്ക്

**മോട്ടോർ വെഹിക്കിൾ ചെക്ക് പോസ്റ്റുകളുടെ നവീകരണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ചന്ദ്രൻ :<br>ശ്രീ. കെ. കെ. ജയചന്ദ്രൻ :<br>ശ്രീ. വി. ചെന്താമരാക്ഷൻ :<br>ശ്രീ. ആർ. സെൽവരാജ് :<br>ശ്രീ. പി. കൃഷ്ണപ്രസാദ് : | ശ്രീ. മാത്യു.ടി.തോമസ്<br>(ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| (എ) മോട്ടോർ വെഹിക്കിൾ ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; | (എ) ഉണ്ട്. വിവിധ വകുപ്പുകളുടെ ചെക്ക്പോസ്റ്റുകൾ ഒന്നിച്ച് പ്രവർത്തിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനുമായി ഇന്റഗ്രേറ്റഡ് ചെക്ക്പോസ്റ്റ് സംവിധാനം നികുതി വകുപ്പിന്റെ മേൽനോട്ടത്തിൽ നടപ്പിലാക്കിവരുന്നു. |
| (ബി) ഇതു സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ; | (ബി) ഉണ്ട്. ചെക്ക് പോസ്റ്റ് നവീകരണവുമായി ബന്ധപ്പെട്ട് 'നാറ്റ് പാക്' പഠനം നടത്തി താഴെ പറയുന്ന ശുപാർശകൾ സമർപ്പിയ്ക്കുകയുണ്ടായി.<br><br>(1) വാഹനങ്ങളുടെ എണ്ണത്തിനനുസരിച്ച് താമസം ഒഴിവാക്കുന്നതിനാവശ്യമായ ലെയ്നുകളും വെയ്ബ്രിഡ്ജുകളും സ്ഥാപിക്കണം.<br><br>(2) പ്രവർത്തനങ്ങൾ പൂർണ്ണമായി കമ്പ്യൂട്ടർവത്കരിക്കണം.<br><br>(3) ഒരു വെബ് ക്യാമറ/ഇമേജ് പ്രോസസിംഗ് ഡിവൈസ് ചെക്ക് പോസ്റ്റിൽ സ്ഥാപിക്കുകയും നെറ്റ് വർക്കിംഗ് മുഖേന സെൻട്രൽ ഡാറ്റാ ബേസ് സെന്ററുമായി സംയോജിപ്പിക്കണം. |

(4) രജിസ്ട്രേഷൻ നമ്പർ പ്രധാനരേഖയായി സ്വീകരിച്ച്കൊണ്ട് വിവരങ്ങൾ സെൻട്രൽ ഡാറ്റാ ബേസിൽ നിന്നും സ്വീകരിയ്ക്കാൻ കഴിയണം.

(5) ഇലക്ട്രോണിക് വേബ്രിഡ്ജ് ഉപയോഗിച്ച് വെയ്റ്റ് കണക്കാക്കുകയും ഓവർ ലോഡിംഗ് ഉണ്ടെങ്കിൽ ഓട്ടോമാറ്റിക് ആയി ഫൈൻ ഈടാക്കാനുള്ള ഡിമാന്റ്നോട്ട് പുറപ്പെടുവിക്കാൻ കഴിയണം.

(6) സെൻട്രൽ ഡാറ്റാ ബേസ് സിസ്റ്റത്തിൽ നിന്നും വണ്ടിയുടെ മേക്ക് പെർമിറ്റ് കാലാവധി/ടാക്സ്, ഇൻഷ്വറൻസ് എന്നിവയെ സംബന്ധിച്ചുള്ള വിവരങ്ങൾ എല്ലാം തന്നെ അറിയാൻ കഴിയണം.

(7) ഒരു വാഹനം ചെക്ക് പോസ്റ്റ് കൗണ്ടറിൽ വന്നു കഴിഞ്ഞാൽ അൺ ലാഡൻ വെയിറ്റ്, ആക്ച്വൽ ലോഡ്/ചരക്ക് വാഹനമാണെങ്കിൽ വാഹനത്തിലുള്ള ചരക്കിന്റെ വെയിറ്റ്, അധികലോഡ് ഉണ്ടെങ്കിൽ അതിന്റെ വിവരങ്ങളെല്ലാം തന്നെ ഡ്രൈവർക്ക് ലഭ്യമാക്കാൻ കഴിയും അങ്ങനെ എല്ലാ നടപടികളും സുതാര്യവത്കരിയ്ക്കാൻ സാധിക്കണം.

(8) ടാക്സ് ടോക്കൺ, ഇൻഷ്വറൻസ് വാഹനത്തിന്റെ ഫിസിക്കൽ ഫീച്ചേഴ്സ് എന്നിവയെല്ലാം തന്നെ പരിശോധിക്കപ്പെടും. ഇവയിൽ ഏതെങ്കിലും പോരായ്മകൾ ഉണ്ടെങ്കിൽ ആയത് റെക്കോർഡ് ചെയ്യപ്പെടും.

(9) ഫൈൻ ഉണ്ടെങ്കിൽ അവ അടയ്ക്കുകയും ഡോക്യുമെന്റുകൾ ക്ലിയർ

ചെയ്യുകയും ചെയ്യുന്ന മുറയ്ക്ക് വാഹനങ്ങൾ കടത്തിവിടുകയും ചെയ്യണം.

(10) പെനാൽട്ടി (പിഴ) അടയ്ക്കാതിരിക്കുകയോ ശരിയായ രേഖകൾ ഹാജരാക്കാതിരിക്കുകയോ ചെയ്താൽ വാഹനങ്ങൾ ഒരു പ്രത്യേക 'സ്ലോട്ടി'ലേയ്ക്ക് മാറ്റുകയും അനന്തരനടപടികൾ മോട്ടോർ വാഹന വകുപ്പു കൈക്കൊള്ളുകയും ചെയ്യണം.

| | | | |
|---|---|---|---|
| (സി) | വേബ്രിഡ്ജ് പോലുള്ള കൂടുതൽ സംവിധാനങ്ങളോടെ ചെക്ക് പോസ്റ്റുകൾ നവീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | (സി) | സംയോജിത ചെക്ക്പോസ്റ്റുകൾ (Integrated Check Posts) സ്ഥാപിക്കുന്നതിന്റെ ഭാഗമായി വേബ്രിഡ്ജ് പോലുള്ള അത്യാധുനിക സംവിധാനങ്ങളോടെ ചെക്ക്പോസ്റ്റുകൾ നവീകരിയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ഡി) | ചെക്ക് പോസ്റ്റുകൾ നവീകരിക്കുന്നതിന് നാട്പാക്ക് പഠനം നടത്തി പ്രോജക്ട് റിപ്പോർട്ടു സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ; | (ഡി) | ഉണ്ട്. വിശദാംശം (ബി) -യിൽ നൽകിയിട്ടുണ്ട്. |
| (ഇ) | ചെക്ക് പോസ്റ്റുകളിലെ സൗകര്യം വർദ്ധിപ്പിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ? | (ഇ) | സംയോജിത ചെക്ക് പോസ്റ്റുകൾ (Integrated Check Posts) സ്ഥാപിക്കുന്നതിന്റെ ഭാഗമായി നികുതി വകുപ്പുമായി ചേർന്ന് കൊണ്ട് അത്യാധുനികസംവിധാനങ്ങളോടെ ചെക്ക്പോസ്റ്റുകളിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 446 18/12/2008-ൽ മറുപടിക്ക്

## ഹോർട്ടികൾച്ചർ മിഷൻ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീമതി. കെ. എസ്.സലീഖ<br>ശ്രീ. കെ. കുഞ്ഞിരാമൻ<br>ശ്രീ. എ. പ്രദീപ് കുമാർ<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>ശ്രീ. പി.ടി.എ.റഹീം | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പു മന്ത്രി) |
| (എ) ഏതെല്ലാം കാർഷിക വിളകളാണ് ഹോർട്ടികൾച്ചർ മിഷന്റെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; | (എ) മാവ്, കുരുമുളക്, നേന്ത്രവാഴ, കശുമാവ്, ഇഞ്ചി, കൊക്കോ, മഞ്ഞൾ, നെല്ലി, ജാതി, ഔഷധ സസ്യങ്ങൾ, പുഷ്പങ്ങൾ, കൈതച്ചക്ക, പച്ചക്കറികൾ എന്നീ വിളകളാണ് ഹോർട്ടികൾച്ചർ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. |
| (ബി) മിഷന്റെ പ്രവർത്തനം ആരംഭിച്ച ശേഷം കൂടുതൽ സ്ഥലങ്ങളിൽ കൃഷിത്തോട്ടങ്ങൾ സ്ഥാപിക്കാൻ കഴിഞ്ഞിട്ടുണ്ടോ ; | (ബി) ഉണ്ട്. |
| (സി) മിഷന്റെ സഹായത്തോടെ എത്ര തേനീച്ച വളർത്തൽകേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ? | (സി) സംസ്ഥാന ഹോർട്ടികൾച്ചർ മിഷന്റെ സഹായത്തോടെ തേനീച്ച വളർത്തൽ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടില്ല. തേനീച്ച വളർത്തലിന് താല്പര്യമുള്ള കർഷകർക്ക് സൗജന്യ പരിശീലനവും മറ്റു പ്രചാരണ പരിപാടികളും സബ്സിഡി നിരക്കിൽ തേനീച്ച കോളനികളും അനുബന്ധ ഉപകരണങ്ങളും സംസ്ഥാന ഹോർട്ടികൾച്ചർ മിഷന്റെ സാമ്പത്തിക സഹായത്തോടെ വിതരണം ചെയ്തുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

12-ാം കേരള നിയമസഭ

9-ാം സമ്മേളനം

**വാക്മൂലം മറുപടി നൽകേണ്ട ചോദ്യം നമ്പർ: 447 18.12.2008 -ൽ മറുപടിക്ക്**

## കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളിലെ അടിസ്ഥാനസൗകര്യങ്ങൾ

**ചോദ്യം**

ശ്രീ. കെ.ടി. ജലീൽ :
ശ്രീ. ജോർജ് എം.തോമസ് :
ശ്രീ. ടി.പി. കുഞ്ഞുണ്ണി :
ശ്രീ. സി.കെ. സദാശിവൻ :

**ഉത്തരം**

ശ്രീ. മാത്യു.ടി.തോമസ്
(ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളിലെ അടിസ്ഥാനസൗകര്യങ്ങൾ തീരെ അപര്യാപ്തമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ചില ബസ് സ്റ്റേഷനുകളിൽ അടിസ്ഥാന സൗകര്യങ്ങൾ തീരെ അപര്യാപ്തമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇതു പരിഹരിക്കുന്നതിന് എന്തെങ്കിലും പദ്ധതി പരിഗണനയിലുണ്ടോ ; | (ബി) | കോർപ്പറേഷൻ നിർമ്മിക്കാനുദ്ദേശിക്കുന്ന ഷോപ്പിംഗ് കോംപ്ലക്സ്-കം-ബസ് സ്റ്റേഷൻ പദ്ധതിയിൽ 59 സ്ഥലങ്ങളെ ഉൾപ്പെടുത്തിയിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊണ്ടായിരിക്കും ഇവയുടെ നിർമ്മാണം. |
| (സി) | ബസ് സ്റ്റേഷനിലെ യാർഡ് കുണ്ടും കുഴിയുമായി കിടക്കുന്നതുമൂലം മഴക്കാലത്ത് യാത്രക്കാർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ; | (സി) | നടപടി സ്വീകരിച്ചു വരുന്നുണ്ട്. |
| (ഡി) | യാർഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണ് ; | (ഡി) | ബസ് സ്റ്റേഷൻ യാർഡുകൾ റീമെറ്റലിംഗ്, മെറ്റലിംഗ്, ടാറിംഗ് എന്നിവ ചെയ്യുകയും പ്രധാനപ്പെട്ട ബസ് സ്റ്റേഷൻ യാർഡുകൾ കോൺക്രീറ്റ് ചെയ്യുകയുമാണ് നിലവിലുള്ള സംവിധാനങ്ങൾ. |

| | | | |
|---|---|---|---|
| (ഉ) | ഇതിനായി ഈ വർഷം എത്ര രൂപ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ? | (ഉ) | ഈ വർഷം കെ.എസ്.ആർ.ടി.സിയ്ക്ക് സർക്കാരിൽ നിന്നും അടിസ്ഥാന സൗകര്യ വികസനത്തിനായി 25 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

## നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ. 448. 18.12.2008 -ന് മറുപടിക്ക്

## ദുരന്തനിവാരണ അതോറിറ്റി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. കെ. കെ. ലതിക<br>ശ്രീ. സി.കെ.പി. പത്മനാഭൻ<br>ശ്രീ. എ.സി. മൊയ്തീൻ<br>ശ്രീ. എം.എം. മോനായി<br>ശ്രീ. പി.ടി.എ. റഹീം | ശ്രീ.കെ.പി. രാജേന്ദ്രൻ<br>(റവന്യൂ വകുപ്പു മന്ത്രി) |
| (എ) ദുരന്ത നിവാരണ അതോറിറ്റിയുടെ പ്രവർത്തനം സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ ; | (എ) 26/12/2005 ൽ കേന്ദ്ര സർക്കാർ വിജ്ഞാപനം ചെയ്ത ഡിസാസ്റ്റർ മാനേജ്മെന്റ് ആക്ട് 2005 ന്റെ ചുവടു പിടിച്ച് സംസ്ഥാനത്ത് ദുരന്തനിവാരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് ' സംസ്ഥാന ഡിസാസ്റ്റർ മാനേജ്മെന്റ് ' ചട്ടങ്ങൾ തയ്യാറാക്കുകയും ഈ ചട്ടങ്ങൾ 'കേരള സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് റൂൾസ് ' എന്ന പേരിൽ 1/03/2007 മുതൽ സംസ്ഥാനത്ത് പ്രാബല്യത്തിൽ വരികയും ചെയ്തിട്ടുണ്ട്. അതിനെ തുടർന്ന് കേന്ദ്ര ആക്ടിൽ നിഷ്കർഷിക്കുന്ന വിധം 4/05/07 ലെ ജി.ഒ.(പി) 154/07/ഡി.എം.ഡി. ഉത്തരവ് പ്രകാരം മുഖ്യമന്ത്രി ചെയർമാനും, റവന്യൂ വകുപ്പ് മന്ത്രി വൈസ്ചെയർമാനും, ചീഫ് സെക്രട്ടറി, റവന്യൂ സെക്രട്ടറി, ആഭ്യന്തര സെക്രട്ടറി, ദുരന്ത നിവാരണ മേഖലയിലെ വിദഗ്ദ്ധർ മെമ്പർമാരുമായി കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി രൂപീകരിക്കുകയും പ്രസ്തുത അതോറിറ്റി 4/05/07 മുതൽ സംസ്ഥാനത്ത് പ്രാബല്യത്തിൽ വരികയും ചെയ്തിട്ടുണ്ട്. ദുരന്ത നിവാരണം ഏറ്റവും വേഗത്തിലും സമഗ്രവുമായ രീതിയിൽ കൈകാര്യം ചെയ്യുന്നതിനു വേണ്ടി പോലീസ്, ഫയർഫോഴ്സ് എന്നീ വകുപ്പുകളെ കൂടി ഉൾപ്പെടുത്തിക്കൊണ്ട് ജില്ലാ ദുരന്ത നിവാരണ അതോറിറ്റി 5/9/08-ലെ ജി.ഒ (പി) നം. 303 /08/ഡി.എം.ഡി ഉത്തരവ് പ്രകാരം രൂപീകരിച്ചിട്ടുണ്ട് |

| | | | |
|---|---|---|---|
| (ബി) | അതോറിറ്റി എന്തെല്ലാം ദുരന്ത നിവാരണ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത് ; | (ബി) | ദുരന്ത സാധ്യതാ പ്രദേശങ്ങളെ തിരിച്ചറിഞ്ഞ് അപകട ഭീഷണി ഒഴിവാക്കാനുള്ള പദ്ധതികൾ ആവിഷ്കരിക്കുക, ദുരന്ത ഫലങ്ങളുടെ ഗുരുതരാവസ്ഥ ലഘൂകരിക്കുന്നതിനുള്ള പദ്ധതികൾക്ക് രൂപം നൽകുക, ദുരന്തങ്ങളെ നേരിടുന്നതിനുള്ള കരുത്താർജ്ജിക്കുക, അവയെ നേരിടാനും തരണം ചെയ്യാനുമുള്ള മുൻകരുതൽ നടപടികൾ സ്വീകരിക്കുക, ദുരന്തങ്ങളുടെ രൂക്ഷതയും അനന്തര ഫലങ്ങളും മുൻകൂട്ടി വിലയിരുത്തി പ്രതിരോധ നടപടികൾ സ്വീകരിക്കുക. അപകടസാധ്യതയുള്ള പ്രദേശങ്ങളിൽ നിന്നും ജനങ്ങളെ മാറ്റി പാർപ്പിക്കുന്നതിന് അനുയോജ്യമായ പദ്ധതികൾ ആവിഷ്കരിക്കുക തുടങ്ങിയവയാണ് ദുരന്ത നിവാരണ അതോറിറ്റി മുഖേന നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പ്രധാന കർമ്മപദ്ധതികൾ. |
| (സി) | ദുരന്ത നിവാരണം, രക്ഷാ പ്രവർത്തനം എന്നിവയിൽ ജനങ്ങൾക്ക് അവബോധമുണ്ടാക്കുന്നതിന് എന്തെങ്കിലും പരിപാടി സംഘടിപ്പിച്ചിട്ടുണ്ടോ; | (സി) | വർദ്ധിച്ചുവരുന്ന ദുരന്തങ്ങളുടെയടിസ്ഥാനത്തിൽ കേരള സർക്കാർ ഡി.എം വകുപ്പും യുണൈറ്റഡ് നേഷൻസ് ഡെവലപ്മെന്റ് പ്രോഗ്രാമുമായി (UNDP) സഹകരിച്ച് ദുരന്തങ്ങൾ നേരിടുന്നതിന് പൊതുജനങ്ങളെ പ്രാപ്തരാക്കുന്നതിനായി "Community Based Disaster Preparedness " പദ്ധതി 9 തീരദേശ ജില്ലകളിൽ നടപ്പിലാക്കുന്നതിന് നടപടി എടുത്തു വരുന്നു. സന്നദ്ധ സംഘടനകളുമായി സഹകരിച്ച് ജനകീയ പങ്കാളിത്തത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. തിരഞ്ഞെടുക്കപ്പെട്ട ഓരോ പഞ്ചായത്തിലും ദുരന്ത നിവാരണ ടീമുകളും അവയ്ക്കു കീഴിൽ |

വിവിധ Task Force' കളും പ്രസ്തുത പദ്ധതിയുടെ ഭാഗമായി രൂപീകരിക്കുന്നതാണ്. ദുരന്ത നിവാരണ ത്തിനായി സംസ്ഥാനത്ത് നടപ്പിലാക്കിയ ബോധവൽക്കരണ പരിപാടികൾ സമൂഹത്തിലെ വിവിധ മേഖലയിലുള്ളവരിൽ ദുരന്തങ്ങളെ നേരിടുന്നതിനുള്ള അവബോധം സൃഷ്ടിച്ചിട്ടുണ്ട് . സംസ്ഥാനതലത്തിലും ജില്ലാ തലത്തിലും ഇതുമായി ബന്ധപ്പെട്ട് ബോധവത്കരണ പരിപാടികളും പരിശീലന പരിപാടികളും സംഘടിപ്പിച്ചിട്ടുണ്ട്. സംസ്ഥാന തലത്തിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാൻഡ് ആൻറ് ഡിസാസ്റ്റർ മാനേജ്മെൻറിലെ ഫാക്കൽറ്റി യുടെയും ജില്ലാ തലത്തിൽ ജില്ലാകളക്ടർ മാരുടെയും നേതൃത്വത്തി ലാണ് പ്രസ്തുത പരിപാടി സംഘടിപ്പിച്ചി ട്ടുള്ളത്. തൃശ്ശൂർ, പത്തനംതിട്ട, വയനാട് എന്നീ ജില്ലകളിലെ പൊതുജനങ്ങൾ, പി.ആർ.ഐ അംഗങ്ങൾ, NCC/NSS/ NYK, NGOs, Women SHGs എന്നിവർക്കായി ഒരു കൂട്ടായ ബോധവൽക്കരണ പരിപാടി സംഘടി പ്പിച്ചിട്ടുണ്ട്. കൂടാതെ ദുരന്ത പ്രതിരോധ ശേഷിയുള്ള കെട്ടിട നിർമ്മാണത്തിൽ 4 ജില്ലകളിലെ 140 മേസൺസിന് പരിശീലനം നൽകിയിട്ടുണ്ട്. സ്കൂൾ ഡിസാസ്റ്റർ മാനേജ്മെൻറ് പ്ലാനുകൾ തയ്യാറാക്കുന്നതിനായി വിദ്യാഭ്യാസ വകുപ്പുമായി യോജിച്ച് സംസ്ഥാനത്തെ 210 സ്കൂളുകളിൽ സ്കൂൾ സേഫ്റ്റി പ്രോഗ്രാം നടത്തി വരുന്നുണ്ട്. പോലീസ്, ആരോഗ്യവകുപ്പ്, പി.ഡബ്ളിയു.ഡി, റവന്യൂ എന്നീ വകുപ്പുകൾക്കായി Standard Operating Procedures (Crisis Management Plan) തയ്യാറാക്കി വരുന്നു. കൂടാതെ ഏകദേശം 500 ആരോഗ്യ പ്രവർത്തകർക്ക് വിവിധ രോഗപ്രതിരോധ പ്രവർത്തനങ്ങളിൽ പരിശീലനം നൽകിയിട്ടുണ്ട്.

ഉ. ന്തരത്തിൽ 2012 ആകുമ്പോൾ സ്ത്രീകളും പെൺകുട്ടികളും ഉൾപ്പെടുന്ന സമൂഹത്തിലെ ദുർബല ജനവിഭാഗങ്ങളെ വളരെ പെട്ടെന്നു സംഭവിക്കുന്നതും സാവധാനത്തിൽ സംഭവിക്കുന്നതുമായ ദുരന്തങ്ങളും, പരിസ്ഥിതിയിലുണ്ടാകുന്ന വ്യതിയാനങ്ങളും നേരിടുന്നതിനുള്ള മുന്നൊരുക്കത്തിനും, ദുരന്തങ്ങളു ണ്ടാകുമ്പോൾ അവസരോചിതമായി പ്രതികരിക്കുന്നതിനും അവയെ അതിജീവിക്കുന്നതിനും പ്രാപ്തരാക്കിയെടു ക്കുന്നതിനുമാവശ്യമായ കഴിവുകൾ വികസിപ്പിച്ചെടുക്കുന്നതിനുമുള്ള പരിപാടികൾ സർക്കാർ തലത്തിൽ ഈ സംരംഭംമൂലം ആവിഷ്ക്കരിക്കുകയാണ് ലക്ഷ്യം.

| | | |
|---|---|---|
| (ഡി) അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ രൂപീകരിച്ച സുനാമി സെൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തുന്നത് എന്ന് അറിയിക്കുമോ ? | (ഡി) | അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ Tsunami Cell രൂപീകരിച്ചിട്ടില്ല. എന്നാൽ റവന്യൂ (ദുരന്തനിവാരണ) വകുപ്പിൻ കീഴിൽ സുനാമി സെൽ രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**

**ഒൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ: 449

## ചെറുകിട യന്ത്രവൽക്കരണ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.കുട്ടി അഹമ്മദ് കുട്ടി :<br>ശ്രീ.സി.ടി.അഹമ്മദ് അലി : | ശ്രീ.മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |

ഹോർട്ടികൾച്ചർ മിഷന്റെയും കൃഷി വകുപ്പിന്റെയും ആഭിമുഖ്യത്തിൽ ചെറുകിട യന്ത്രവൽക്കരണ പദ്ധതി നടപ്പാക്കുന്ന കാര്യം സർക്കാർ പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ മാക്രോ മാനേജ്മെന്റ് പദ്ധതി പ്രകാരം കൃഷി വകുപ്പ് ചെറുകിട യന്ത്രവൽക്കരണം നടപ്പിലാക്കിവരുന്നു. 2008-09 വർഷം ഇതിന് വേണ്ടി 281.30 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 253.17 ലക്ഷം രൂപ കേന്ദ്ര സഹായം ആണ്. ഇതിൻ പ്രകാരം ഇപ്പോൾ കേരളത്തിൽ കാർഷിക മേഖലയിൽ ഉപയോഗിക്കപ്പെടുന്ന യന്ത്രങ്ങൾ/ കാർഷിക ഉപകരണങ്ങൾ എന്നിവ വാങ്ങുവാൻ കർഷകർക്ക് 25 മുതൽ 50 ശതമാനം വരെ ധനസഹായം നൽകി വരുന്നു.

1. കൊയ്ത്തുമെതിയന്ത്രം - വിലയുടെ 25% അല്ലെങ്കിൽ 1,50,000/- രൂപ ഏതാണോ കുറവ്.
2. 40 HP വരെയുള്ള ട്രാക്ടർ - വിലയുടെ 25%

അല്ലെങ്കിൽ 45,000/- രൂപ ഏതാണോ കുറവ്.

3. 8 മുതൽ 15 HPവരെയുള്ള ടില്ലർ - വിലയുടെ 40% അല്ലെങ്കിൽ 45,000/-രൂപ ഏതാണോ കുറവ്.

4. റീപ്പർ, പാഡി ട്രാൻസ്പ്ലാന്ററർ മുതലായവ -വിലയുടെ 25% അല്ലെങ്കിൽ 40,000/- രൂപ ഏതാണോ കുറവ്.

5. സീഡ് ഡ്രില്ല്, റോട്ടോവേറ്റർ, ട്രാക്ടറിൽ ഉപയോഗിക്കുന്ന റീപ്പർ മുതലായവ - വിലയുടെ 40% അല്ലെങ്കിൽ 20,000/- രൂപ ഏതാണോ കുറവ്.

6. മനുഷ്യ പ്രയത്നം കൊണ്ട് ഉപയോഗിക്കുന്ന കാർഷിക ഉപകരണങ്ങൾ - വിലയുടെ 25% അല്ലെങ്കിൽ 2,000/- രൂപ ഏതാണോ കുറവ്.

7. സസ്യ സംരക്ഷണ ഉപകരണങ്ങൾ:-

a) മനുഷ്യ പ്രയത്നം കൊണ്ട് ഉപയോഗിക്കാവുന്നവ - വിലയുടെ 25% അല്ലെങ്കിൽ 800/- രൂപ ഏതാണോ കുറവ്.

b) പവർ ഉപയോഗിച്ച് പ്രവർത്തിക്കുന്നത് - വിലയുടെ 25% അല്ലെങ്കിൽ 2,000/- രൂപ ഏതാണോ കുറവ്.

8. ഡീസൽ/ഇലക്ട്രിക് പമ്പ് സെറ്റ് - വിലയുടെ 50% അല്ലെങ്കിൽ 10,000/-രൂപ ഏതാണോ കുറവ്.

2007-08 വർഷം 159.46 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഇതു കൂടാതെ സംസ്ഥാന ഹോർട്ടികൾച്ചർ മിഷന്റെ 2008-09 ലെ കർമ്മ പദ്ധതി പ്രകാരം 197.45 ലക്ഷം രൂപക്കുള്ള സസ്യ സംരക്ഷണ ഉപാധികളായ റോക്കർ സ്പ്രെയർ, ഗാർഡൻ ടില്ലർ/ മിനി ടില്ലർ, കുറ്റി പമ്പ് (നാപ് സാക്ക് സ്പ്രെയർ), വീഡ് കട്ടർ, വീൽ ബാരോ, പെപ്പർ പീലർ, മോവർ,

തോട്ട ഉപകരണങ്ങൾ (ഗാർഡൻ ഇംപ്ലിമെൻറസ്) മുതലായവ വാങ്ങുന്നതിന് മൊത്തം വിലയുടെ 25% സമതലപ്രദേശങ്ങളിലും 33.33% മലമ്പ്രദേശങ്ങളിലും സബ്സിഡിയായി നൽകുന്നു. കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ/തമിഴ്നാട് അഗ്രോ ഇൻഡസ്ട്രീസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ/കേരള അഗ്രോ മെഷിനറീസ് കോർപ്പറേഷൻ, മറ്റ് സർക്കാർ അംഗീകൃത ഏജൻസികൾ എന്നിവരിൽ നിന്നും ഉപകരണങ്ങൾ വാങ്ങുന്നവർക്കാണ് ധനസഹായം നൽകുന്നത്. ഈ പദ്ധതി എല്ലാ ജില്ലകളിലും നടപ്പിലാക്കി വരുന്നു.

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

## നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ 450 –18.12.2008–ൽ മറുപടിയ്ക്ക്

ട്രഷറി വകുപ്പിന്റെ പ്രവർത്തനം

ശ്രീ. പി.പി. അബ്ദുള്ളക്കുട്ടി
ശ്രീമതി.പി. ആയിഷാ പോറ്റി
ശ്രീ. ബാബു എം.പാലിശ്ശേരി
ശ്രീ. ആനത്തലവട്ടം ആനന്ദൻ
ശ്രീ.കെ.വി. അബ്ദുൾ ഖാദർ

ധനകാര്യ വകുപ്പുമന്ത്രി

| | | |
|---|---|---|
| (എ) | ട്രഷറി വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് കൈക്കൊണ്ട നടപടികൾ വ്യക്തമാക്കുമോ? | ട്രഷറി വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് കൈക്കൊണ്ട നടപടികൾ ചുവടെ കൊടുക്കുന്നു.<br>1) ടെല്ലർ സമ്പ്രദായം നടപ്പിലാക്കി<br>2) ഏതു ബാങ്കുകളിലും മാറാവുന്ന എം.ഐ.സി.ആർ ചെക്ക് സമ്പ്രദായം തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ നടപ്പിലാക്കുകയും മറ്റ് ട്രഷറികളിലേക്ക് വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തു.<br>3) കാലപ്പഴക്കം ചെന്ന കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും മാറ്റി സ്ഥാപിക്കുന്നതിനുള്ള ബൃഹത്തായ പദ്ധതി നടപ്പിലാക്കി തുടങ്ങിയിട്ടുണ്ട്.<br>4) അടിസ്ഥാന ആവശ്യങ്ങളായ സൗകര്യപ്രദമായ കെട്ടിടങ്ങൾ, ടോയ്‌ലെറ്റ് സൗകര്യം എന്നിവ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. ട്രഷറി നവീകരണത്തിന്റെ ഭാഗമായി എല്ലാ ട്രഷറികളിലും എൽ.പി.ജി-യിൽ ഓടുന്ന വാഹനം ലഭ്യമാക്കിയിട്ടുണ്ട്.<br>5) കള്ളനോട്ട് കണ്ടുപിടിക്കുന്നതിനുള്ള ഉപകരണം എല്ലാ ട്രഷറികളിലും ലഭ്യമാക്കിയിട്ടുണ്ട്. |

| | | |
|---|---|---|
| | | 6) എല്ലാ ജീവനക്കാർക്കും ഐഡന്റിറ്റി കാർഡ് നൽകുകയും ഓഫീസ് സമയം അത് ഉപയോഗിക്കണമെന്ന നിർദ്ദേശവും നൽകിയിട്ടുണ്ട്.<br>7) മെച്ചപ്പെട്ട കമ്മ്യൂണിക്കേഷൻ സൗകര്യങ്ങൾക്കായി ട്രഷറി ഓഫീസർമാർക്ക് ക്ലോസ്ഡ് യൂസർ ഗ്രൂപ്പ് ടെലഫോൺ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.<br>8) ട്രഷറി വകുപ്പിലെ സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിന് പൗരാവകാശരേഖ പ്രസിദ്ധീകരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ഇടപാടുകാരുടെ പരാതികൾക്കും നിർദ്ദേശങ്ങൾക്കും പരിഹാരം ഉണ്ടാക്കുന്നതിന് സോഷ്യൽ ഓഡിറ്റ് സംഘടിപ്പിക്കുകയും ചെയ്തു വരുന്നു.<br>9) ജീവനക്കാരും ഇടപാടുകാരും നിരന്തരമായി ആശയവിനിമയം നടത്തുന്നതിന് മീറ്റിംഗുകൾ സംഘടിപ്പിച്ചു വരുന്നു. |
| (ബി) | ഈ സർക്കാർ വന്നശേഷം എത്ര പുതിയ ട്രഷറികൾ ആരംഭിച്ചു? ഏതെല്ലാം? | 1) പുലാമന്തോൾ സബ്ട്രഷറി - മലപ്പുറം ജില്ല<br>2) മുക്കം സബ്ട്രഷറി - കോഴിക്കോട് ജില്ല<br>3) പയ്യോളി സബ്ട്രഷറി - കോഴിക്കോട് ജില്ല<br>4) പള്ളുരുത്തി സബ്ട്രഷറി - എറണാകുളം ജില്ല<br>5) ചേർപ്പ് സബ്ട്രഷറി - തൃശ്ശൂർ ജില്ല<br>6) വാളയാർ ചെക്ക്പോസ്റ്റ് ട്രഷറി - പാലക്കാട് ജില്ല<br>7) നടുപ്പുണ്ണി ചെക്ക്പോസ്റ്റ് ട്രഷറി - പാലക്കാട് ജില്ല<br>8) ഗോപാലപുരം ചെക്ക്പോസ്റ്റ് ട്രഷറി - പാലക്കാട് ജില്ല<br>9) മഞ്ചേശ്വരം ചെക്ക്പോസ്റ്റ് ട്രഷറി - കാസർഗോഡ് ജില്ല<br>10) നെടുങ്കണ്ടം സ്റ്റാമ്പ് ഡിപ്പോ - ഇടുക്കി ജില്ല |
| (സി) | ചെക്ക്പോസ്റ്റുകളോടനുബന്ധിച്ച് ട്രഷറികൾ പ്രവർത്തിക്കുന്നുണ്ടോ? | ഉണ്ട് |
| (ഡി) | വാടകകെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ട്രഷറികൾ സർക്കാർ കെട്ടിടത്തിലേക്കു മാറ്റാൻ നടപടി സ്വീകരിക്കുമോ? | നടപടികൾ സ്വീകരിച്ചു വരുന്നു. |

(signature)

സെക്ഷൻ ഓഫീസർ